

VOL NO: 08 I ISSUE 36
2024 SEPTEMBER 07 I ₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

ആണ്ടുതോറുമുള്ള ഇൻസ്റ്റന്റ് നബിസ്നേഹത്തിന് തിരശ്ശീല ഉയരാൻ ദിവസങ്ങൾ ബാക്കി. കൊടിതോരണങ്ങളും ട്രാഫിക് തടസ്സങ്ങളും പായസസേവയും കഴിഞ്ഞ് പുണ്യപ്രതീക്ഷയിൽ മടങ്ങുന്ന എത്ര പേർക്കറിയാം പ്രവാചകനെ അനുധാവനം ചെയ്താണ് നബിസ്നേഹത്തിന് പൂർണത കണ്ടെത്തേണ്ടതെന്ന്.

## പ്രവാചക സ്നേഹമെന്നാൽ മീലാദ് ആഘോഷമോ?

### ‘ഇന്റർനെറ്റ്’ വലയിൽ കുരുങ്ങിയ കൗമാരം

|| കൊളസ്ട്രോൾ കൊലയാളിയോ?

|| കരാർ പാലനത്തിന്റെ അനിവാര്യത

|| ഇ.കെ മൗലവി സ്വാതന്ത്ര്യ സമരരംഗത്ത്




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

0398

# നേർപഥം

വാരിക

2024 സെപ്തംബർ 07
1446 റ. അവ്വൽ 04
പുസ്തകം 08 / ലക്കം 36






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**



Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**


കവർ സ്റ്റോറി




മൂസ സ്വലാഹി കാര

ആണ്ടുതോറുമുള്ള ഇൻസ്റ്റന്റ് നബിസ്നേഹത്തിന് തിരശ്ശീല ഉയരാൻ ദിവസങ്ങൾ ബാക്കി. കൊടിതോരണങ്ങളും ട്രാഫിക് തടസ്സങ്ങളും പായസസേവയും കഴിഞ്ഞ് പുണ്യപ്രതീക്ഷയിൽ മടങ്ങുന്ന എത്ര പേർക്കറിയാം പ്രവാചകനെ അനുധാവനം ചെയ്താണ് നബിസ്നേഹത്തിന് പൂർണത കണ്ടെത്തേണ്ടതെന്ന്.


**05** മുഖമൊഴി
കരാർ പാലനത്തിന്റെ അനിവാര്യത

**06** ലേഖനം
'പടച്ചോൻ പാട്ട്' ഉത്തരവാദിത്തം സമസ്തകൾക്കു തന്നെ!
അബൂഷഹ്മ

**09** ശാന്തിഗേഹം
'ഇന്റർനെറ്റ്' വലയിൽ കുരുങ്ങിയ കൗമാരം
ഹാരിസ് ബിൻ സലീം

**17** ജാലകം
ചിന്തനീയമായ മൊഴിമുത്തുകൾ
പി.എൻ അബ്ദുല്ലത്വീഫ് മദനി

**18** ചരിത്രപഥം
ഇ.കെ.മൗലവി സ്വാതന്ത്ര്യ സമരരംഗത്ത്
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**24** ലേഖനം
മുഹമ്മദ് നബി(സ്വ)യുടെ സമുദായത്തിൻെറ ശ്രേഷ്ഠതകൾ
ഉമ്മു മിസ്‌യാൽ മൊറയൂർ

**26** ലേഖനം
എന്തുകൊണ്ട് ഇടയാളന്മാരില്ലാതെ അല്ലാഹുവോട് പ്രാർഥിക്കണം?
സലീം പട്‌ല

**29** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുൽ ഫാത്വിർ (സ്രഷ്ടാവ്)
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**33** ആരോഗ്യപഥം
കൊളസ്ട്രോൾ കൊലയാളിയോ?
ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ

**34** കഥ
സ്റ്റാറ്റസ്
ഉസ്മാൻ പാലക്കാഴി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# സ്ത്രീസുരക്ഷയുടെ ധാർമികപാഠങ്ങളെ പുച്ഛിച്ചവർ പുനർവിചിന്തനത്തിന് തയ്യാറാകണം: വിസ്ഡം വനിതാ നേതൃസംഗമം

കോഴിക്കോട്: സ്ത്രീകളോട് വ്യക്തിപരമായും സാമൂഹികമായും നിർവഹിക്കേണ്ട ബാധ്യതകൾ പൊതുസമൂഹം വിസ്മരിക്കുകയാണെന്നും, പുതിയ വിവാദങ്ങൾ തലമുറയെ അരാജകത്വത്തിലേക്കും തിന്മകളുടെ നിസ്സാരവൽക്കരണത്തിലേക്കും നയിക്കുകയാണെന്നും, ധാർമികപാഠങ്ങളെ പുച്ഛിച്ചവർ പുനർ വിചിന്തനത്തിന് തയ്യാറാകണമെന്നും കോഴിക്കോട് ഹോട്ടൽ സ്പാനിൽ വച്ച് സംഘടിപ്പിച്ച വിസ്ഡം വിമൻസ് ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന നേതൃസംഗമം അഭിപ്രായപ്പെട്ടു.

സ്ത്രീകളെ കേവലം സൗന്ദര്യാസ്വാദനത്തിനും മാർക്കറ്റിംഗിനും ഉപയോഗിക്കുന്ന സമൂഹത്തിന്റെ തെറ്റായ 'പുരോഗമന' കാഴ്ചപ്പാടിന്റെ ദുരന്തഫലമാണ് പുതിയ സംഭവ വികാസങ്ങൾക്ക് വഴിവെച്ചതെന്ന് സംഗമം വിലയിരുത്തി.

സ്ത്രീസമൂഹത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുമെന്ന് അവകാശപ്പെടുന്നവർതന്നെ അവരെ ലൈംഗികമായും സാമ്പത്തികമായും ചൂഷണം ചെയ്യുന്ന സാഹചര്യമാണ് പൊതു ഇടങ്ങളിൽ കാണാൻ സാധിക്കുന്നത്. ഇത്തരം ചൂഷണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കാനും സ്ത്രീകൾക്ക് നിയമ പരിരക്ഷ ഉറപ്പാക്കുവാനും സർക്കാർ കർശന സമീപനം സ്വീകരിക്കണം. ധാർമിക സുരക്ഷയില്ലാത്ത കലാ-സാഹിത്യ മേഖലകളുടെ ദുരന്തഫലങ്ങൾ സമൂഹത്തിന് പാഠമാകണം. സ്വാതന്ത്ര്യവും അവകാശങ്ങളും മറയാക്കി സ്ത്രീസമൂഹത്തെ ചൂഷണം ചെയ്യാനായി നിലകൊള്ളുന്ന സംഘങ്ങളിലേക്ക് സ്ത്രീകളെ എത്തിക്കുന്ന മാഫിയകൾക്കെതിരെ പൊതുസമൂഹം കനത്ത ജാഗ്രത പാലിക്കണമെന്നും സംഗമം ആവശ്യപ്പെട്ടു

ഇസ്‌ലാമിക പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് വികലമായ വിശ്വാസങ്ങളും ആചാരങ്ങളും പ്രചരിപ്പിക്കുന്ന പണ്ഡിതന്മാരെ സമൂഹം തിരിച്ചറിയണം. മനുഷ്യന്റെ ആത്മീയാന്വേഷണങ്ങളെ വഴി തിരിച്ച് വിടുന്ന സമീപനങ്ങളാണ് ചില പണ്ഡിതന്മാരും അനുബന്ധ പ്രസ്ഥാനങ്ങളും സ്വീകരിച്ച് വരുന്നതെന്നും സംഗമം അഭിപ്രായപ്പെട്ടു. ഏകദൈവ വിശ്വാസമാണ് ഇസ്‌ലാമിന്റെ മൗലികത എന്നിരിക്കെ വിശ്വാസ വൈകല്യങ്ങൾ പ്രചരിപ്പിക്കുന്ന പണ്ഡിതന്മാരുടെ നീക്കം അപലപനീയമാണ്.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ അശ്റഫ് സംഗമം ഉദ്ഘാടനം ചെയ്തു. വിസ്ഡം വിമൻ സംസ്ഥാന പ്രസിഡന്റ് സഹ്റ സുല്ലമിയ്യ അധ്യക്ഷത വഹിച്ചു. വിസ്ഡം വിമൻ ജനറൽ സെക്രട്ടറി ഡോ. റസീല, വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറി ഹാരിസ് കായക്കൊടി, വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന സെക്രട്ടറി അസ്ഹർ ചാലിശ്ശേരി, അബ്ദുൽ അഹദ് ചുങ്കത്തറ, അസ്മാബി ടീച്ചർ എന്നിവർ പ്രസംഗിച്ചു.

ധർമ സമരത്തിന്റെ വിദ്യാർഥി കാലം




# പ്രഖ്യാപന സമ്മേളനം തിരൂരിൽ സമാപിച്ചു

തിരൂർ: പുതിയ കാലത്തെ വിദ്യാർഥി സമൂഹത്തിന് കൃത്യമായ ദിശ കാണിക്കുവാനും അവരെ കൈപിടിച്ച് നന്മയുടെ തീരത്തേക്കടുപ്പിക്കുവാനുമായി വിസ്ഡം സ്റ്റുഡന്റ്സ് മറ്റൊരു വലിയ മുന്നേറ്റത്തിന് തുടക്കം കുറിക്കുകയാണ്. മുജാഹിദ് വിദ്യാർഥി പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ നടന്ന ഒരുപാട് മഹാ സമ്മേളനങ്ങൾ തീർത്ത മാറ്റം വമ്പിച്ചതാണ്. അതിലേക്ക് മറ്റൊരു പൊൻതൂവൽ കൂടി ചേർത്തു കൊണ്ട് നടക്കാനിരിക്കുന്ന വിസ്ഡം സ്റ്റുഡന്റ്സ് വിദ്യാർഥി സമ്മേളനത്തിന്റെ പ്രഖ്യാപനം തിരൂർ വാഗൺ ട്രാജഡി ടൗൺ ഹാളിൽ വെച്ച് നടന്നു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി പ്രഖ്യാപനം നടത്തി.

# കരാർ പാലനത്തിന്റെ അനിവാര്യത

ഏതൊരു വ്യക്തിക്കും തന്റെ ജീവിതത്തിൽ വ്യത്യസ്തമായ കരാറുകളിൽ ഏർപ്പെടേണ്ട സാഹചര്യമുണ്ടാകും. വലിയ വലിയ കരാറുകളൊന്നും നടത്താറില്ലെങ്കിലും നാമൊക്കെ പലപ്പോഴും പലർക്കും വാക്കുകൊടുക്കാറുണ്ട്. ഇന്ന കാര്യം ചെയ്തുതരാമെന്നും മറ്റും ഉറപ്പുനൽകാറുണ്ട്. ഇതൊക്കെയും പാലിക്കാനുള്ളതാണ്. മനഃപൂർവം, അകാരണമായി കരാറുകൾ ലംഘിക്കുവാൻ പാടില്ല എന്നാണ് ഇസ്‌ലാമിക അധ്യാപനം.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അവർ അല്ലാഹുവോടും റസൂലിനോടും മറ്റു മനുഷ്യരോടുംകരാർ ചെയ്യുന്നവരാണ്. ഈ കരാറുകളെല്ലാം കൃത്യമായി നിറവേറ്റുന്നവനാണ് സ്വർഗാവകാശി.

അല്ലാഹുവോടും റസൂലിനോടും ജനങ്ങളോടുമുള്ള കരാറുകൾ ലംഘിക്കുന്നവരാണിന്നധികവും എന്ന് പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ശഹാദത്ത് കലിമയിലൂടെ ചെയ്ത കരാർ ലംഘിച്ചുകൊണ്ടാണല്ലോ സഹായതേട്ടമെന്ന പേരിൽ പലരും സൃഷ്ടികളോട് പ്രാർഥിക്കുന്നത്! അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു എന്ന പ്രഖ്യാപനത്തിന്റെ ലംഘനമാണ് പ്രാർഥനകളും നേർച്ചകളും ആരാധനയുടെ മറ്റിനങ്ങളുമെല്ലാം സൃഷ്ടികൾക്കു സമർപ്പിക്കുന്നത്.

അല്ലാഹുവോടുള്ള കരാർ ലംഘിക്കുന്നവർക്കുള്ള അല്ലാഹുവിന്റെ താക്കീത് കാണുക: "അല്ലാഹുവോടുള്ള കരാറും സ്വന്തം ശപഥങ്ങളും തുച്ഛവിലയ്ക്ക് വിൽക്കുന്നവരാരോ അവർക്ക് പരലോകത്തിൽ യാതൊരു ഓഹരിയുമില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹു അവരോട് സംസാരിക്കുകയോ, അവരുടെ നേർക്ക് (കാരുണ്യപൂർവം) നോക്കുകയോ ചെയ്യുന്നതല്ല. അവൻ അവർക്ക് വിശുദ്ധി നൽകുന്നതുമല്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കുന്നതുമാണ്"(ആലുഇംറാൻ 77).

ശഹാദത്ത് കലിമയുടെ രണ്ടാം ഭാഗം മുഹമ്മദ്(സ്വ) അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു എന്നതാണ്. അതോടെ ഒരാൾ നബി(സ്വ)യുടെ ജീവിതചര്യ പിന്തുടരുവാൻ ബാധ്യസ്ഥനായിത്തീരുന്നു. അപ്പോൾ നബിചര്യക്ക് വിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നവൻ കരാർലംഘനം തന്നെയാണ് നടത്തുന്നത്. മൗലിദും ഹദ്ദാദും കുത്ത്റാത്തീബും അടക്കമുള്ള പുതുനിർമിതികളെല്ലാം ചെയ്യുന്നവർ ശഹാദത്ത് കലിമക്ക് വിരുദ്ധമായ കാര്യങ്ങൾ ചെയ്യുന്നവരാണ്.

അല്ലാഹു പറയുന്നു:"അപ്പോൾ നിനക്ക് നിന്റെ രക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത് സത്യമാണെന്ന് മനസ്സിലാക്കുന്ന ഒരാൾ അന്ധനായിക്കഴിയുന്ന ഒരാളെപ്പോലെയാണോ? ബുദ്ധിമാൻമാർ മാത്രമെ ചിന്തിച്ച് മനസ്സിലാക്കുകയുള്ളൂ. അല്ലാഹുവോടുള്ള ബാധ്യത നിറവേറ്റുകയും കരാർ ലംഘിക്കാതിരിക്കുകയും ചെയ്യുന്നവരത്രെ അവർ. കൂട്ടിയിണക്കപ്പെടാൻ അല്ലാഹു കൽപിച്ചത് (ബന്ധങ്ങൾ) കൂട്ടിയിണക്കുകയും തങ്ങളുടെ രക്ഷിതാവിനെ പേടിക്കുകയും കടുത്ത വിചാരണയെ ഭയപ്പെടുകയും ചെയ്യുന്നവർ"(റഅ്ദ് 19:21).

പലിശ വാങ്ങിയും വ്യഭിചരിച്ചും മദ്യപിച്ചും പിശാചിന്റെ മിത്രമായി നടക്കുന്നവർ, എക്കൗണ്ടിൽ കാശില്ലെങ്കിലും ചെക്കുകൾ എഴുതിക്കൊടുത്ത് കബളിപ്പിക്കുന്നവർ, കച്ചവടരംഗത്തെ കരാർ ലംഘിക്കുന്നവർ, കടം വാങ്ങിയ ശേഷം നിശ്ചിത സമയം കഴിഞ്ഞിട്ടും തിരിച്ചുകൊടുക്കാതെ മുങ്ങിനടക്കുന്നവർ, വിശ്വസിച്ചേൽപിച്ച വസ്തുക്കളിൽ വിശ്വാസവഞ്ചന കാണിക്കുന്നവർ...ഇങ്ങനെയുള്ളവർ മുസ്‌ലിംകൾക്കിടയിലുണ്ടെന്നത് നിഷേധിക്കാവുന്നതല്ല. എല്ലാവർക്കും കരാർലംഘനത്തിന്റെ അപകടം എന്തെന്ന് ബോധ്യമാകുന്ന ഒരു ലോകം വരാനുണ്ട്.

കരാർലംഘനത്തെ കപടവിശ്വാസിയുടെ സ്വഭാവമായാണ് അല്ലാഹുവും റസൂലും പരിചയപ്പെടുത്തുന്നത് എന്ന കാര്യം ശ്രദ്ധിക്കുക. സ്വർഗാവകാശിയാകാൻ ആഗ്രഹിക്കുന്നവൻ ചതിയനും കരാറുകൾ ലംഘിക്കുന്നവനുമാകാൻ പാടില്ല. ■



അബൂഷഹ്മ

# ‘പടച്ചോൻ പാട്ട്’ ഉത്തരവാദിത്തം സമസ്തകൾക്കു തന്നെ!

02

“അനൽ ഹഖ് എന്നു പറഞ്ഞത് ഒരിക്കലും മതപരിത്യാഗമല്ല. ഏതവസ്ഥയിൽ പറഞ്ഞാലും നബി(സ)യെ പറ്റി ‘വഹുവൽ ഹഖ്’ എന്നു ഖുർആൻ (മുഹമ്മദ്:2) വ്യക്തമാക്കിയിട്ടുണ്ട്. അനല്ലാഹു വ്യക്തമായി വ്യാഖ്യാനിക്കാം. ‘അനാ’ അറബി ഭാഷയിൽ ഏറ്റം ഉയർന്ന സൂപ്പർലെറ്റീവ് നാമമാണ്. ഇങ്ങനെയുള്ള നാമമാണ് അല്ലാഹു. മാത്രമല്ല ‘അനാ’ ‘അനാനിയ്യത്ത്’ (ഞാനെന്ന അഹങ്കാരഭാവം) കുറിക്കും. ഇതർഹിക്കുന്നവൻ അല്ലാഹു തന്നെയല്ലേ? തന്നെയുമല്ല ഓരോ മനുഷ്യനിലുമുള്ള യഥാർത്ഥ ‘ഞാൻ’ തന്റെ ആത്മാവാണ്. അത് അല്ലാഹുവിന്റെ പ്രത്യേക ഓർഡർ പ്രകാരമുള്ളതുമാണ്. അവനാണ് പരമാത്മാവ്. ഈ അർത്ഥം ‘അനല്ലാഹു’ ചൂണ്ടിക്കാണിക്കുന്നു” (ത്രിമാന തീർത്ഥം/പേജ് 320).

അല്ലാഹുവിനോടുള്ള ഇഷ്ടം കൂടിയ ഔലിയാക്കൾ അല്ലാഹുവെ പ്രാപിക്കുമെന്ന അവസ്ഥയുണ്ടായിരുന്നെങ്കിൽ അതിനുള്ള ആദ്യത്തെ അർഹത മുഹമ്മദ് നബി(സ്വ) നേടുമായിരുന്നു. ആധ്യാത്മികത ഭ്രാന്തായി മാറുമെന്നത് സമസ്തയുടെ മതമാണ്. അത് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. വലിയ്യുകളായ നാലു ഖലീഫമാരും സ്വർഗംകൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ടവരും അല്ലാത്തവരുമായ സ്വഹാബീമാരുമൊന്നും കാണുന്നതിനെയെല്ലാം അല്ലാഹുവാണെന്ന് കരുതി ഭ്രാന്തന്മാരായി അലഞ്ഞിട്ടില്ല.

"ലാ മൗജൂദ ഇല്ലല്ലാഹു എന്ന ദിക്റ് ഇബ്നു അറബി തന്റെ പ്രസംഗങ്ങളിലും രചനകളിലും ഉപയോഗിച്ചിരുന്നു. ഇത് ചിലർ വിമർശിച്ചിട്ടുണ്ട്. അല്ലാഹു ഒഴികെ ഒന്നുമില്ലെന്നാണ് ഇതിനർഥം. അതിനാൽ സൃഷ്ടിയും സ്രഷ്ടാവും ഒന്നെന്ന വാദമാണിത് എന്നു ഇവർ വിശദീകരിക്കുന്നു. വാസ്തവത്തിൽ ഭാഷ പഠിക്കാത്തതാണ് ഈ വിമർശനത്തിന് കാരണം. മശാഇഖുമാരെന്നു നടിച്ചു കുറേ സ്വപ്നങ്ങൾ കണ്ട് നടന്നാൽ പോര. ഇതാണ് ത്വരീഖത്തിൽ ചേരും മുമ്പ് ഭാഷാശാസ്ത്രവും മറ്റും പഠിക്കണമെന്നു ശരീഅത്തിന്റെ ഉലമാക്കൾ പറയുന്നത്" (ത്രിമാനതീർഥം/മുസ്തഫൽ ഫൈസി/പേജ് 329).

"ഇല്ലാത്ത മഹത്വത്തിന്റെ പേരിൽ സ്തുതി കീർത്തനം ഇഷ്ടപ്പെടുന്നവരും ചെയ്യാത്ത തെറ്റിന്റെ പേരിൽ വിമർശം ആഗ്രഹിക്കുന്നവരുമുണ്ട്. രണ്ടാം വിഭാഗത്തിലാണ് ഹല്ലാജ്. ഇതിനും നല്ല സഹനശക്തിയും താഴ്മയും വേണം. ഉയർന്ന വിശ്വാസിയുടെ ലക്ഷണമാണിത്. തന്റെ ചില പ്രവൃത്തികൾ പോലെ തന്നെയായിരുന്നു സംസാരങ്ങളും. അനൽഹഖ്, അനല്ലാഹു, ഈ ജുബ്ബയിൽ അല്ലാഹു ഒഴികെ ഇല്ല തുടങ്ങി അനേകം വചനങ്ങൾ തന്റേതായുണ്ട്. ഇതെല്ലാം മതപരിത്യാഗമെന്നാണ് ചിലർ പറഞ്ഞത്" (ത്രിമാന തീർഥം/പേജ് 319).

ഇതിന്റെയെല്ലാം അർഥമെന്താണ്? തമാശക്ക് പോലും ഒരാൾ ഇങ്ങനെ പറയുന്നത് ഗുരുതര തെറ്റായിരിക്കെ ഇവരുടെ ഔലിയാക്കളിലെ ഇത്തരം ഭ്രാന്തന്മാരെ സ്വർണം പൂശുന്ന ഇവരെക്കുറിച്ച് എന്തു പറയാൻ! പടപ്പുകളെ പടച്ചവനാക്കുന്ന ജൽപനങ്ങൾക്ക് സമസ്തയുടെ ഔദ്യോഗിക ഒത്താശയും ഓശാനയുമായിട്ടേ ഇതിനെ കാണാനാകൂ. ത്വരീഖത്തുകളുടെ ജീർണതകളെ ആഴത്തിലറിഞ്ഞ് മത വിശ്വാസത്തെ വികലമാക്കാൻ തുനിയുന്ന ഇവർക്ക് പരലോകത്തിൽ വിശ്വാസമില്ലേ?

'അല്ലാഹുവാണ് ഞാൻ,' 'ഞാനാണ് നിന്റെ രക്ഷിതാവ്' എന്നൊക്കെ ഖുർആനിൽ അല്ലാഹു പറഞ്ഞതായി കാണാം. സ്രഷ്ടാവും ആരാധ്യനും അല്ലാഹു മാത്രമാണെന്ന് നാം മനസ്സിലാക്കാൻ വേണ്ടിയാണത്. ഇത് തിരിച്ചറിയാത്തതാണ് ഇവർ അകപ്പെട്ട ദുരന്തത്തിന്റെ മൂലകാരണം.

ഒരു മുസ്‌ലിയാർ എഴുതുന്നു: "അല്ലാഹുവിന്റെ സ്വയം പര്യാപ്തത (സ്വമദിയ്യത്ത്) സൃഷ്ടികളെ ബഹുമാനിക്കുന്നതിനെ അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്നും വേർപ്പെടുത്തുന്ന മറ്റൊരു കാര്യമാണ്. അവൻ സ്വയംഭൂവാണ്. അവന് ആദിയും അന്ത്യവുമില്ല. എന്നാൽ സൃഷ്ടികളുടെ കഴിവുകളെല്ലാം അല്ലാഹു നൽകിയതാണ്...ആരാധനയുടെ ഭാഗമായി അല്ലാഹുവിനു മാത്രം ചെയ്യുന്ന സുജൂദ്, വന്ദനം തുടങ്ങിയവ സൃഷ്ടികൾക്ക് ചെയ്യുന്നതുകൊണ്ട് ശിർക്കാവുന്നില്ല" (സുന്നത്ത് മാസിക/2003 ജൂലൈയ്/പേജ് 26).

അബ്ദുൽ കരീം ജിയലി എന്ന സൂഫിയുടെ 'അൽഇൻസാനുൽ കാമിൽ' എന്ന പുസ്തക വിവർത്തനത്തിൽ പന്താവൂർ എഴുതിയത് കൂടി കാണുക. അതോടെ ഇവർ അകപ്പെട്ട ഗർത്തത്തിന്റെ ആഴം നമുക്ക് മനസ്സിലാകും.

"എന്തിനെ ആരാധിച്ചാലും അത് അല്ലാഹുവിനെയായേ വരൂ. ആരാധനക്കർഹൻ അവൻ മാത്രം. ഇതൊന്നും അറിയാതെ വിഗ്രഹങ്ങളെ ആരാധിച്ചാലും അതു അല്ലാഹുവിന്നുള്ള ആരാധനതന്നെ. അവരുടെ ഉദ്ദേശ്യവും നിയ്യത്തും എന്തായാലും കുഴപ്പമില്ല, ആരാധന അല്ലാഹുവിന്നു തന്നെയായേ വരൂ" (പേജ് 252).

സിഎമ്മിനെ പടച്ചോൻ എന്നു വിശേഷിപ്പിച്ചവരെ കുറ്റം പറയാൻ ഇവർക്കെങ്ങനെ കഴിയും? ഓരോ സമൂഹത്തിലെയും അവിശ്വാസികൾ നശിപ്പിക്കപ്പെട്ടതിന്റെ കാരണം ഇവർക്ക് തിരിച്ചറിവ് നൽകട്ടെ. അല്ലാഹു പറയുന്നു: "നാം അവരോട് അക്രമം ചെയ്തിട്ടില്ല. പക്ഷേ, അവർ അവരോടുതന്നെ അക്രമം പ്രവർത്തിക്കുകയാണുണ്ടായത്. എന്നാൽ നിന്റെ രക്ഷിതാവിന്റെ കൽപന വന്ന സമയത്ത് അല്ലാഹുവിന് പുറമെ അവർ വിളിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുന്ന അവരുടെ ദൈവങ്ങൾ അവർക്ക് യാതൊരു ഉപകാരവും ചെയ്തില്ല. അവർ (ദൈവങ്ങൾ) അവർക്ക് നാശം വർധിപ്പിക്കുക മാത്രമാണ് ചെയ്തത്" (11:101).

**വലിയ്യിന്റെ അടയാളം ഭ്രാന്തോ?**

അല്ലാഹുവിലേക്ക് അടുത്ത വ്യക്തിയുടെ അടയാളം ഭ്രാന്താണെന്നാണ് സമസ്തക്കാരുടെ വിശ്വാസം. പല ഭ്രാന്തന്മാരെയും വലിയ്യുകളാക്കി ജാറം കെട്ടിപ്പൊക്കി അവിടെ ചെന്ന് പ്രാർഥന നടത്തുന്നത് അതുകൊണ്ടാണ്. മുഹ്‌യിദ്ദീൻ മാലയുടെ വ്യാഖ്യാനത്തിൽ എഴുതിവച്ചത് കാണുക:

"സാധാരണക്കാരിൽ ഭ്രാന്തന്മാരുണ്ടല്ലോ, ഇതുപോലെ ഔലിയാക്കളിലുമുണ്ട് ഭ്രാന്തന്മാർ. പക്ഷേ, സാധാരണക്കാരന്റെ ഭ്രാന്തിന് കാരണം ദൈവികവും അദ്ധ്യാത്മികവുമായ പ്രശ്നങ്ങളാകണമെന്നില്ല. വെറും പ്രകൃതിപരമായിരിക്കും. എന്നാൽ ഔലിയാക്കളുടേത് വെറും പ്രകൃതിപരമാകില്ല. ദിവ്യപ്രേമത്തിൽ ലയിക്കുന്ന ഔലിയാക്കൾ അവർ അവരെപ്പറ്റി തന്നെയും അബോധവാന്മാരാകുന്നു. അല്ലാഹുവെയല്ലാതെ ആസ്തിക്യലോകത്ത് അവർ ഒന്നും അറിയുന്നില്ല. എങ്കിൽ പിന്നെ കാണുന്നതും അറിയുന്നതുമെല്ലാം അവർ അല്ലാഹുവായി ഗണിക്കുന്നു. ഇങ്ങനെയുള്ള മാനസിക അവസ്ഥയിൽ ഞാൻ അല്ലാഹുവാണ് എന്നുവരെ അവർ പറഞ്ഞേക്കും" (മുഹ്‌യിദ്ദീൻ മാല വ്യാഖ്യാനം/മുസ്തഫൽ ഫൈസി/പേജ് 325,326).

അല്ലാഹുവിനോടുള്ള ഇഷ്ടം കൂടിയ ഔലിയാക്കൾ അല്ലാഹുവെ പ്രാപിക്കുമെന്ന അവസ്ഥയുണ്ടായിരുന്നെങ്കിൽ അതിനുള്ള ആദ്യത്തെ അർഹത മുഹമ്മദ് നബി(സ) നേടുമായിരുന്നു. ആധ്യാത്മികത ഭ്രാന്തായി മാറുമെന്നത് സമസ്തയുടെ മതമാണ്. അത് ഇസ്‌ലാം പഠിപ്പിക്കുന്നില്ല. വലിയ്യുകളായ നാലു ഖലീഫമാരും സ്വർഗംകൊണ്ട് സന്തോഷവാർത്ത അറിയിക്കപ്പെട്ടവരും അല്ലാത്തവരുമായ സ്വഹാബിമാരുമൊന്നും കാണുന്നതിനെയെല്ലാം അല്ലാഹുവാണെന്ന് കരുതി ഭ്രാന്തന്മാരായി അലഞ്ഞിട്ടില്ല.

നബി(സ) തന്നെ അമിതമായി പുകഴ്ത്താൻ പോലും പാടില്ലെന്നു വിലക്കിയതാണ്. അവിടുന്ന് പറഞ്ഞു: "എന്നെക്കുറിച്ച് നിങ്ങൾ അല്ലാഹുവിന്റെ അടിമയും അവന്റെ ദൂതനുമാണെന്ന് പറയുക" (ബുഖാരി).

ഉത്തമ തലമുറയിൽ ഇടം പിടിച്ച ആരുടെയെങ്കിലും മേന്മയായി ഇത്തരം കാര്യങ്ങൾ പറയപ്പെട്ടിട്ടുണ്ടോ? ഇല്ല! കാരണം വിശ്വാസികൾ പഠിപ്പിക്കപ്പെട്ടത് 'അല്ലാഹുവേ, നീ എന്റെ റബ്ബും ഞാൻ നിന്റെ അടിമയുമാണ്' (ബുഖാരി) എന്നു പറയാനാണ്; അല്ലാതെ ഞാൻ അല്ലാഹുവാണ്, ഞാൻ കാണുന്നതെല്ലാം അല്ലാഹുവാണ് എന്നു പറയാനല്ല.

> രേഖകൾ ഇവ്വിധം സംസാരിക്കുമ്പോൾ 'പടച്ചോൻ പാട്ടിന്റെ' മേൽവിലാസം ചെന്നെത്തുന്നത് സമസ്തയുടെ സ്ഥാപിത ആശയത്തിലേക്ക് തന്നെയാണ്. ചിലർ അതിന് 'കോളാമ്പി'യായി എന്നത് മുസ്‌ലിയാക്കന്മാരെ ചൊടിപ്പിക്കുന്നതിൽ അർഥമില്ല. തങ്ങൾക്ക് ഇതുമായി ബന്ധമില്ലെന്നാണെങ്കിൽ ആദർശത്തെ പണിപ്പുരയിൽ കയറ്റി കേടുതീർക്കണം. ബന്ധമുണ്ടെങ്കിൽ യഥാർഥ അഹ്‌ലുസ്സുന്ന വൽ ജമാഅയെ വേട്ടയാടുന്നത് അവസാനിപ്പിക്കണം.

രേഖകൾ ഇവ്വിധം സംസാരിക്കുമ്പോൾ 'പടച്ചോൻ പാട്ടിന്റെ' മേൽവിലാസം ചെന്നെത്തുന്നത് സമസ്തയുടെ സ്ഥാപിത ആശയത്തിലേക്ക് തന്നെയാണ്. ചിലർ അതിന് 'കോളാമ്പി'യായി എന്നത് മുസ്‌ലിയാക്കന്മാരെ ചൊടിപ്പിക്കുന്നതിൽ അർഥമില്ല. തങ്ങൾക്ക് ഇതുമായി ബന്ധമില്ലെന്നാണെങ്കിൽ ആദർശത്തെ പണിപ്പുരയിൽ കയറ്റി കേടുതീർക്കണം. ബന്ധമുണ്ടെങ്കിൽ യഥാർഥ അഹ്‌ലുസ്സുന്ന വൽ ജമാഅയെ വേട്ടയാടുന്നത് അവസാനിപ്പിക്കണം.

ലാത്ത, ഉസ്സ, മനാത്ത തുടങ്ങിയ വിഗ്രഹങ്ങളെ ആരാധിക്കാൻ പല കാരണങ്ങളും ഉന്നയിച്ച മുശ്‌രിക്കുകൾ അവയെക്കുറിച്ച് ഒരിക്കൽ പോലും ഇങ്ങനെ പറഞ്ഞിട്ടില്ല. ലാഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞവരിൽ ശിർക്കു വരില്ല; ഒരു വസ്തുവിനെപ്പറ്റി റബ്ബ്, ഇലാഹ് എന്നൊന്നും വിശ്വസിക്കാതെ അതിനോട് ചോദിച്ചാൽ അത് ശിർക്കല്ല, അന്നത്തെ അവിശ്വാസികളുടെ മേൽ ഇറക്കപ്പെട്ട ആയത്തുകൾ ഞങ്ങൾക്ക് നേരെ ഓതേണ്ടതില്ല, ശിർക്കാരോപിക്കലും മതഭ്രഷ്ട് കൽപിക്കലും കാഫിറാക്കലുമൊന്നും ഞങ്ങളുടെ പണിയല്ല, മുശ്‌രിക്കുകളുടെ വിശ്വാസമല്ല ഞങ്ങളുടെത് എന്നിത്യാദി അവകാശവാദങ്ങളെല്ലാം തകർന്നടിയുന്ന കാഴ്ചയാണ് സമൂഹം കാണുന്നത്.

അല്ലാഹു പറയുന്നു: "അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് (മറ്റുള്ളവരെ) പങ്കുചേർക്കുന്നവരായിക്കൊണ്ട് മാത്രമാണ്" (12:106).

ഹാരിസ് ബിൻ സലീം
:95444 92089

# ‘ഇന്റർനെറ്റ്’ വലയിൽ കുരുങ്ങിയ കൗമാരം

*ചോദ്യം: പതിനാറ് വയസ്സുള്ള എന്റെ മകൻ പത്താം ക്ലാസ് കഴിഞ്ഞതോടെ സ്‌കൂൾ പഠനം നിറുത്തിയിരിക്കുകയാണ്. തീരെ അനുസരണയില്ല. ഇന്റർനെറ്റില്ലാതെ അവന് ജീവിക്കാൻ കഴിയില്ല. ഏത് സമയത്തും ഗെയിമിന്റെ ലോകത്താണ്. പിതാവ് ഗൾഫിലായതിനാൽ ആരെയും ഭയമില്ല. ആവശ്യപ്പെട്ടത് കിട്ടിയില്ലെങ്കിൽ അക്രമകാരിയാകും. സൈക്കോളജിസ്റ്റിനെ കാണിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല. ഇസ്‌ലാമിക ബോധം തീരെയില്ല. ഇവനെ മാറ്റിയെടുക്കുവാൻ എന്താണ് ചെയ്യേണ്ടത്?*

ഉത്തരം: ഒരു മാതാവ് അയച്ച ദീർഘമായ കത്തിലെ പ്രസക്ത ഭാഗങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. കുട്ടികളെ മാതാപിതാക്കളുടെ നിയന്ത്രണത്തിൽ കിട്ടാതെ വരുന്ന അവസ്ഥ അങ്ങേയറ്റം ഭയാനകമാണ്. ഈ സഹോദരിയുടെ ചോദ്യത്തിൽ അത്തരം ഒരു സാഹചര്യം ഉള്ളതുപോലെ തോന്നുന്നു. മനുഷ്യൻ ചില മൂല്യങ്ങളിൽ വിശ്വസിക്കുന്നതു കൊണ്ടാണ് അവന് അവനെത്തന്നെ നിയന്ത്രിക്കാൻ കഴിയുന്നത് . ഈ മൂല്യങ്ങൾ കൈവിട്ടുപോയാൽ അവനെക്കാളും അപകടകാരിയല്ല മറ്റൊന്നും. ഇവിടെ രണ്ടുവശങ്ങൾ പഠനവിധേയമാക്കേണ്ടതുണ്ട്. ഒന്നാമതായി എന്തുകൊണ്ട് ഈ കുട്ടി ഇങ്ങനെ ആയിത്തീർന്നു എന്നതാണ്

എല്ലാ കുട്ടികളും ശുദ്ധ പ്രകൃതിയോടെയാണ് ജനിക്കുന്നത്. മാതാപിതാക്കൾ തന്നെയാണ് അവരെ നന്മയിലും തിന്മയിലും എത്തിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നത്. ഒരു രക്ഷിതാവും തന്റെ കുട്ടിയെ ബോധപൂർവം തിന്മയിലേക്ക് നയിക്കില്ലെന്നുറപ്പാണ്. എന്നാൽ നന്നാക്കാനുള്ള നമ്മുടെ ശ്രമങ്ങൾ വിപരീത ഫലങ്ങൾ ഉണ്ടാക്കുമോ എന്ന് നാം ഭയപ്പെടണം. ഒരു കാരണവശാലും അവരെ നന്മയിലേക്ക് നയിക്കുവാനുള്ള ശ്രമങ്ങളിൽ നിന്ന് നാം പിൻവാങ്ങരുത്. കാരണം അത് നമ്മുടെ ബാധ്യതയാണ്.

ഇവിടെ പറയപ്പെട്ട കുട്ടിയുടെ കാര്യത്തിൽ ചെയ്യാവുന്ന ചില കാര്യങ്ങൾ നിർദേശിക്കട്ടെ. സ്‌കൂൾ പഠനം നിറുത്തി എന്ന് പറയുമ്പോൾ തികച്ചും നിരുത്തരവാദപരമായാണ് അവന്റെ കാര്യം മുന്നോട്ടു പോകുന്നത് എന്നു വ്യക്തം. ദുശ്ശീലങ്ങൾ തുടരുവാൻ എന്തു വഴി സ്വീകരിക്കുവാനും അവന് മടിയില്ല എന്നാണ് മനസ്സിലാകുന്നത്. മാതാപിതാക്കളെ പൂർണമായും ധിക്കരിക്കുന്ന ഒരു നിലപാടാണ് അവനിൽ കാണുന്നത്.

1. അവന് ആദരവും ബഹുമാനവുമുള്ള ഗുരുനാഥന്മാരോ വ്യക്തികളോ അവനെ ഉപദേശിക്കുക എന്നത് അവന്റെ മനസ്സ് മാറ്റാൻ സഹായകമാകും
2. ഇത്തരം ഒരു കുട്ടിയോട് പെരുമാറുമ്പോൾ സ്‌നേഹപൂർവമായ സമീപനം പ്രയാസകരമായിരിക്കും.അതിലുള്ള മാറ്റം അവനെ ചിന്തിപ്പിച്ചേക്കാം.
3. നിലവിലുള്ള കൂട്ടുകാരിൽനിന്ന് മാറ്റി പുതിയവരും നല്ലവരുമായ ഒരു കൂട്ടുകെട്ടിലേക്ക് എത്തിക്കുന്നതും മാറ്റത്തിന് സഹായകരമാണ്.
4. ചില കാര്യങ്ങൾ വിരോധിക്കുന്നത് കൂടുതൽ കുഴപ്പങ്ങളിലേക്ക് നയിക്കുമെങ്കിൽ ശ്രദ്ധിച്ച് വേണം അത് ചെയ്യാൻ.
5. തന്റെ നിലപാട് തുടരുന്നത് ചില വിഷമങ്ങൾ തനിക്കുണ്ടാക്കുമെന്ന് അവനെ ബോധ്യപ്പെടുത്തുക. ശിക്ഷകൾ അതിന് സഹായകരമാണ്. വളരെ ശ്രദ്ധിച്ച് ചെയ്യേണ്ട കാര്യമാണിത്.
6. പ്രാർഥന എത് കാര്യത്തിനും പരിഹാരമാണല്ലോ. പ്രത്യേകിച്ച് മാതാപിതാക്കൾ മക്കൾക്ക് വേണ്ടി പ്രാർഥിക്കുന്നത്.

“ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽനിന്നും സന്തതികളിൽനിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ” (ക്വുർആൻ 25:74).

മൂസ സ്വലാഹി കാര
: 97473 45768



ആണ്ടുതോറുമുള്ള ഇൻസ്റ്റന്റ് നബിസ്നേഹത്തിന് തിരശ്ശീല ഉയരാൻ ദിവസങ്ങൾ ബാക്കി. കൊടിതോരണങ്ങളും ട്രാഫിക് തടസ്സങ്ങളും പായസസേവയും കഴിഞ്ഞ് പുണ്യപ്രതീക്ഷയിൽ മടങ്ങുന്ന എത്ര പേർക്കറിയാം പ്രവാചകനെ അനുധാവനം ചെയ്താണ് നബി സ്നേഹത്തിന് പൂർണത കണ്ടെത്തേണ്ടതെന്ന്.

അടിയുറച്ച ഏകദൈവ വിശ്വാസമാണ് ഇസ്‌ലാമിന്റെ മുഖമുദ്ര. ഇസ്‌ലാമിക സരണിയിലേക്ക് കടന്നുവരുന്ന ഏതൊരാളും ആദ്യമായി പ്രഖ്യാപിക്കുന്നത് അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി (സ്വ) അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു എന്നുമാണ്. ഇതാണ് 'സാക്ഷ്യവാക്യം' അഥവാ 'ശഹാദത്ത് കലിമ.' അല്ലാഹുവിന്റെ കൽപനകളും സമ്പൂർണമായ മാതൃകാജീവിതം നയിച്ച നബി(സ്വ)യുടെ അധ്യാപനങ്ങളും അനുധാവനം ചെയ്യുക വഴി മാത്രമെ സാക്ഷ്യ



# പ്രവാചക സ്നേഹമെന്നാൽ മീലാദ് ആഘോഷമോ?

വാക്യത്തിന്റെ പൊരുളറിഞ്ഞ യഥാർഥ വിശ്വാസിയാകാൻ സാധിക്കൂ. അല്ലാഹു പറയുന്നു:

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നപക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു" (ക്വുർആൻ 33:36).

അല്ലാഹുവിനോടും നബി(സ്വ)യോടുമുള്ള സ്നേഹത്തെ വിസ്മരിച്ചുകൊണ്ടുള്ള ജീവിതം വലിയ അപകടത്തിലേക്ക് നയിക്കും. 'എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ'(2:165), 'പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളെക്കാളും അടുത്ത ആളാകുന്നു'(33:6) എന്നിവ ആ സ്നേഹത്തിന്റെ മഹത്ത്വം വിളിച്ചോതുന്ന വചനങ്ങളാണ്. അല്ലാഹുവിനോടുള്ള സ്നേഹം ആരാധനയിലൂടെയും നബി(സ്വ)യോടുള്ള സ്നേഹം അനുസരണത്തിലൂടെയും അന്വർഥമാക്കാൻ നമുക്ക് കഴിയണം.

ആരാധനയാകുന്ന സ്നേഹത്തെ അല്ലാഹുവല്ലാത്തവർക്ക് നൽകിയും നബിചര്യയെ അവഗണിച്ച് അനാചാരങ്ങളിൽ അഭിരമിച്ചുമാണ് ജീവിക്കുന്നതെങ്കിൽ പരലോകരക്ഷ സ്വപ്നം മാത്രമായിരിക്കും. ഖേദകരമെന്നു പറയട്ടെ, സമുദായത്തിലെ ഭൂരിപക്ഷവും നയിക്കപ്പെടുന്നത് ഈ നാശത്തിന്റെ പാതയിലൂടെയാണ്.

### അനുധാവനമാണ് സ്നേഹം

വിശുദ്ധ ക്വുർആനിൽ നാൽപതോളം സ്ഥലങ്ങളിൽ അല്ലാഹുവിനെയും നബി(സ്വ)യെയും അനുസരിക്കണമെന്ന കൽപന കാണാം. ക്വുർആനും സുന്നത്തും മുറുകെ പിടുക്കുക എന്നതും നേർമാർഗം പ്രാപിക്കാൻ ഇത് കൂടാതെ കഴിയില്ലെന്നതുമാണ് അതിന്റെ താൽപര്യം. ഇതില്ലെങ്കിൽ മരിക്കുന്നത് മനസ്സും നഷ്ടമാകുന്നത് പരലോക രക്ഷയുമാണ്.

പ്രവാചകൻ(സ്വ) അല്ലാഹുവിൽനിന്നുള്ള നിർദേശ പ്രകാരം പഠിപ്പിച്ചതും പകർന്നതുമായ കാര്യങ്ങൾ പിൻപറ്റിയാണ് നാം അല്ലാഹുവിലേക്ക് അടുക്കേണ്ടതും അവന്റെ ഇഷ്ടം കരഗതമാക്കേണ്ടതും.

അല്ലാഹു പറയുന്നു: "(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും

ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ'' (3:31).

ഇബ്നു കസീർ(റഹി)പറയുന്നു: “ഈ വാക്യം അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്ന് അവകാശപ്പെടുന്ന എല്ലാവർക്കുമുള്ള വിധിയാണ്. അത് പ്രവാചകന്റെ വഴിയനുസരിച്ചല്ലെങ്കിൽ, മുഴുവൻ വാക്കുകളിലും സന്ദർഭങ്ങളിലും അദ്ദേഹം നിയമമായും ദീനായും തന്നത് പിൻപറ്റുന്നതുവരെ അവന്റെ വാദത്തിൽ അവൻ നുണയനാകും.''

ജാബിർ ഇബ്നു അബ്ദില്ല(റ)യിൽനിന്നുള്ള ഒരു ഹദീസിൽ ഇപ്രകാരം കാണാം: “ആര് മുഹമ്മദിനെ അനുസരിച്ചുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു. ആര് മുഹമ്മദിനെ ധിക്കരിച്ചുവോ അവൻ അല്ലാഹുവിനെ ധിക്കരിച്ചു. ജനങ്ങൾക്കിടയിൽ സത്യവും അസത്യവും മുഹമ്മദ് വേർതിരിച്ചു'' (ബുഖാരി).

സ്വർഗപ്രവേശനത്തിനും നരകമോചനത്തിനും ആവശ്യമായതെല്ലാം തരംതിരിച്ച് കാണിച്ചുതന്ന നബി(സ്വ)യുടെ ജീവിതം പഠിച്ചറിഞ്ഞ് അത് പിൻപറ്റി ജീവിക്കുക എന്നത് പരമപ്രധാനമാണ്.

അല്ലാഹു പറയുന്നു: “എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്''(59:7).

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുക. (സത്യസന്ദേശം) കേട്ടുകൊണ്ടിരിക്കെ നിങ്ങൾ അദ്ദേഹത്തെ വിട്ട് തിരിഞ്ഞുകളയരുത്''(8:20).

ലോകർക്കാകമാനമായി അല്ലാഹു മുഹമ്മദ് നബി(സ്വ)യെ തെരഞ്ഞെടുത്തയച്ചതും അദ്ദേഹം സൃഷ്ടികളിൽ ശ്രേഷ്ഠരാണെന്നതും മതം എത്തിച്ചുതരുന്നതിൽ നിരവധി പരീക്ഷണങ്ങൾ നേരിട്ടതും എന്തിലുമേതിലും മാതൃകയായി അനുചരന്മാർ അദ്ദേഹത്തെ സ്വീകരിച്ചതും ജീവിതത്തിലുടനീളം നാം മാർഗമാക്കേണ്ടത് അദ്ദേഹത്തിന്റെ സുന്നത്തിനെയാണെന്ന തിരിച്ചറിവും പ്രവാചക സ്നേഹം വർധിപ്പിക്കാനുള്ള പ്രേരകങ്ങളാണ്.

അല്ലാഹു പറയുന്നു: “സന്മാർഗവും സത്യമതവുമായി തന്റെ റസൂലിനെ നിയോഗിച്ചത് അവനാകുന്നു. അതിനെ എല്ലാ മതത്തിനും മീതെ തെളിയിച്ചുകാണിക്കാൻ വേണ്ടി. സാക്ഷിയായിട്ട് അല്ലാഹു തന്നെ മതി''(48:28).

## ആഘോഷത്തിന്റെ പിറവി

നബി(സ്വ) ജനിച്ച മാസമെന്ന പേരിൽ റബീഉൽ അവ്വൽ മാസത്തിൽ മുസ്‌ലിയാക്കന്മാർ നടത്തുന്ന മീലാദ് ആഘോഷങ്ങളെ ആചാരമാക്കുന്നതിന് യാതൊരു അടിസ്ഥാനവുമില്ല. പ്രമാണങ്ങുടെ ഒരു തരിമ്പ് പിൻബലം പോലുമില്ലാത്ത ഈ ആർഭാടാഘോഷത്തിന് 'ഇഷ്ഖ്,' 'മഹബ്ബത്ത്,' 'റഹ്മത്ത്,' 'നിഅ്മത്ത്,' 'ഫള്ൽ,' 'ബറകത്ത്' പോലുള്ള പേരുകൾ നൽകിയാൽ അത് അനുവദനീയമാകുമോ? ഉത്തമ തലമുറകൾക്കോ അഹ്‌ലുസ്സുന്ന വൽജമാഅയുടെ ഇമാമുമാർക്കോ പരിചയമില്ലാത്ത ഈ 'താത്ക്കാലിക സ്നേഹ'ത്തിന്റെ മറവിൽ നടക്കുന്നത് ആത്മീയ-സാമ്പത്തിക ചൂഷണങ്ങളാണ്.

> “പരിശുദ്ധ ക്വുർആനിലോ നബി(സ്വ)യുടെ സുന്നത്തിലോ ഈ മൗലിദാഘോഷത്തിന് ഒരടിസ്ഥാനവും ഞാൻ കാണുന്നില്ല. പൂർവികരുടെ ചര്യ സ്വീകരിച്ചുകൊണ്ട് നിലനിന്നിരുന്ന മാതൃകായോഗ്യരായ (നബി(സ)യുടെ ഉമ്മത്തിൽ പെട്ട) ഒരു പണ്ഡിതനിൽനിന്നും അത് പ്രവർത്തിച്ചതായി ഉദ്ധരിക്കപ്പെടുന്നില്ല. മാത്രമല്ല അത് ബിദ്അത്താകുന്നു. ദേഹേഛക്കാരും ബാത്വിലിന്റെ ആളുകളുമാണ് അത് പുതുതായി ഉണ്ടാക്കിയത്. തീറ്റക്കൊതിയന്മാർ അത് കാര്യമായി ഏറ്റെടുത്തു''
> (അൽമൗരിദ് ഫീ അമലിൽമൗലിദ്).

ഹിജ്റ 360ൽ ശിയാക്കളിലെ ഫാത്വിമിയാക്കൾ എന്ന് വിളിക്കപ്പെടുന്ന ഉബൈദിയാക്കളാണ് ഇത് തുടങ്ങിയതെന്ന് ഇമാം മഖ്‌രീസി(റഹി) തന്റെ 'അൽ ഖുത്വത്ത്' എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

അക്കാലത്ത് അലി(റ), ഹസൻ(റ), ഹുസൈൻ(റ), ഫാത്വിമ(റ), ഖലീഫതുൽ ഹാളിർ എന്നിവരുടെ മൗലിദും അവർ ഉണ്ടാക്കിയിരുന്നു. ശിയാക്കൾ ഉണ്ടാക്കിയ ഒരു ആഘോഷമായതിനാൽ പണ്ഡിതന്മാർ അത് ശ്രദ്ധിക്കാതാവുകയും ജനങ്ങൾ മറക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമായി.

സ്വലാഹുദ്ദീൻ അയ്യൂബിയുടെ കാലഘട്ടത്തിൽ ഇറാഖിലെ ഇർബൽ പട്ടണം ഭരിച്ചിരുന്ന സമ്പന്നനും സൂഫിസത്തിൽ ആകൃഷ്ടനുമായ മുളഫ്ഫറുദ്ദീൻ അബൂസഈദ് കൂക്ബൂരി എന്ന രാജാവ് ഹിജ്റ 630ലാണ് ഈ ആഘോഷത്തെ പിന്നീട് വിപുലവും ജനകീയവുമാക്കി മാറ്റിയത്. ഇമാമുരായ സുയൂത്വി(റഹി), ശൗക്കാനി(റഹി) എന്നിവരെല്ലാം ഇത് പറഞ്ഞിട്ടുണ്ട്.

മീലാദ് കെങ്കേമമായി ആഘോഷിക്കുന്നവർ തന്നെ



തുറന്നു പറഞ്ഞത് കാണുക: "ആധുനിക രീതിയിൽ ഇന്ന് നടത്തപ്പെടുന്ന ആഘോഷ പരിപാടികളുടെ സ്ഥാപകൻ ആരായിരുന്നു? നമ്മുടെ കഥാപുരുഷനായ മുളഫർ രാജാവ്" (രിസാല മാസിക/1988 നവംബർ/പേജ് 11).

അറിയപ്പെട്ട നാല് മദ്ഹബുകളുടെ ഇമാമുമാർ ഇങ്ങനെയൊരാഘോഷത്തെക്കുറിച്ച് അറിഞ്ഞവരല്ല. കാരണം ഇമാം അഹ്മദ് ഇബ്നു ഹമ്പൽ(റഹി) വഫാത്താകുന്നത് ഹിജ്റ 241 ലാണ്. പ്രസിദ്ധ ഹദീസ് പണ്ഡിതന്മാരായ; ഹിജ്റ 256ൽ മരണപ്പെട്ട ഇമാം ബുഖാരി(റ)ക്കും 261ൽ മരണപ്പെട്ട ഇമാം മുസ്‌ലിമി(റഹി)നും ഇതുമായി ബന്ധമില്ലെന്നും ഇതോടെ ഉറപ്പായി.

മീലാദാഘോഷം പുതുനിർമിതിയാണെന്നതിൽ അഹ്‌ലുസ്സുന്നയുടെ ഇമാമുമാർ ഒറ്റക്കെട്ടാണ്. പണ്ഡിതന്മാരായ ഫാകിഹാനി(റഹി), ഇബ്നുൽ ഹാജ്(റഹി), ഇബ്നു ഹജർ അൽഅസ്ഖലാനി(റഹി), സുയൂത്വി(റഹി), ഇറാകി(റഹി), സഖാവി(റഹി), ഇബ്നു തൈമിയ്യ(റഹി), മുല്ലാ അലിയ്യുൽ ക്വാരി(റഹി), എന്നിവരുടെ ഗ്രന്ഥങ്ങളിലെല്ലാം ഇതിൽ ഊന്നിയുള്ള ചർച്ചകൾ ധാരാളമുണ്ട്.

ഫാകിഹാനി(റഹി) പറഞ്ഞതിൽ എല്ലാം ഉണ്ട്: "പരിശുദ്ധ ക്വുർആനിലോ നബി(സ്വ)യുടെ സുന്നത്തിലോ ഈ മൗലിദാഘോഷത്തിന് ഒരടിസ്ഥാനവും ഞാൻ കാണുന്നില്ല. പൂർവികരുടെ ചര്യ സ്വീകരിച്ചുകൊണ്ട് നിലനിന്നിരുന്ന മാതൃകായോഗ്യരായ (നബി(സ)യുടെ ഉമ്മത്തിൽ പെട്ട) ഒരു പണ്ഡിതനിൽനിന്നും അത് പ്രവർത്തിച്ചതായി ഉദ്ധരിക്കപ്പെടുന്നില്ല. മാത്രമല്ല അത് ബിദ്അത്താകുന്നു. ദേഹേഛക്കാരും ബാത്വിലിന്റെ ആളുകളുമാണ് അത് പുതുതായി ഉണ്ടാക്കിയത്. തീറ്റക്കൊതിയന്മാർ അത് കാര്യമായി ഏറ്റെടുത്തു" (അൽമൗരിദ് ഫീ അമലിൽമൗലിദ്).

ഇബ്നു ഹജർ അസ്ഖലാനി (റഹി) ചോദിക്കപ്പെട്ടതിന് മറുപടിയായി പറഞ്ഞത് ഇമാം സുയൂത്വി(റഹി) തന്റെ 'അൽഹാവി ലിൽഫതാവ'യിൽ എടുത്തുകൊടുത്തത് കാണുക:

"മൗലിദ് പ്രവൃത്തിയുടെ അടിസ്ഥാനം ബിദ്അത്താണ്. ഉത്തമ തലമുറയിലെ ഒരാളിൽനിന്നും അത് ഉദ്ധരിക്കപ്പെട്ടിട്ടില്ല."

ഈ അനാചാരത്തിന് ഈ വർഷവും ഒരുങ്ങിയിരിക്കുന്നവർ എഴുതിവിട്ടത് കാണുക: "പുണ്യ നബിയുടെ ജന്മമാസത്തെ ആഘോഷത്തോടെയാണ് വിശ്വാസികൾ വരവേൽക്കുന്നത്. നായകരെ കുറിച്ച് പഠിച്ചും പഠിപ്പിച്ചും

പ്രകീർത്തിച്ചും അവർ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. നബി(സ)യെ പൂർണമായി ഉൾക്കൊള്ളാത്ത ചിലർ അപശബ്ദങ്ങളുയർത്തിയാലും നബിദിനാഘോഷവും മൗലിദും മദ്ഹ് പാരായണവും ലോകത്ത് സർവകാലങ്ങളിലും വ്യാപകമാണ്. അത് വിശ്വാസികളുടെ ആത്മാവുള്ള കാലം തുടരുകയും ചെയ്യും" (സുന്നിവോയ്സ് /2024 സെപ്റ്റംബർ 1-15/പേജ് 5).

വാസ്തവത്തിൽ ആരാണ് നബി(സ്വ)യെ 'പൂർണമായി ഉൾക്കൊള്ളാത്ത'വർ? നബിചര്യയെ പിൻപറ്റുന്നവരോ അവഗണിക്കുന്നവരോ? അനാചാരത്തെ എതിർക്കുന്നതിനെ 'അപശബ്ദം' എന്ന് ആക്ഷേപിക്കുന്നത് വാസ്തവത്തിൽ പ്രമാണങ്ങളെ പരിഹസിക്കലും അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാരെ അടച്ചാക്ഷേപിക്കലുമാണ്.

ഇതൊന്നും പ്രവാചക സ്നേഹമായി കാണിച്ചുതന്നിട്ടില്ലാത്ത സ്വഹാബിമാർ 'സുന്നിവോയ്സു'കാരുടെ കണ്ണിൽ നബി(സ്വ)യെ പൂർണമായി ഉൾക്കൊള്ളാത്തവരായിരിക്കാം. സകല പുത്തനാചാരങ്ങളുടെയും ജീവാത്മാവായി വർത്തിക്കുന്നവർ അല്ലാഹുവിന്റെ താക്കീതിനെ ഭയക്കട്ടെ: "അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തടയുകയും തങ്ങൾക്ക് സന്മാർഗം വ്യക്തമായിക്കഴിഞ്ഞതിനുശേഷം റസൂലുമായി മാത്സര്യത്തിൽ ഏർപെടുകയും ചെയ്തവരാരോ തീർച്ചയായും അവർ അല്ലാഹുവിന് യാതൊരു ഉപദ്രവവും വരുത്തുകയില്ല. വഴിയെ അവൻ അവരുടെ കർമങ്ങൾ നിഷ്ഫലമാക്കിക്കളയുകയും ചെയ്യും"(47:32).

യഥാർഥ വിശ്വാസികൾ ശിർക്കിലും ബിദ്അത്തിലും മുങ്ങി ജീവിച്ച്, ചെയ്ത നന്മകളെ നശിപ്പിക്കുകയില്ല. അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. റസൂലിനെയും നിങ്ങൾ അനുസരിക്കുക. നിങ്ങളുടെ കർമങ്ങളെ നിങ്ങൾ നിഷ്ഫലമാക്കിക്കളയാതിരി ക്കുകയും ചെയ്യുക"(47:33).

ദുർവ്യാഖ്യാനങ്ങളല്ലാതെ മറ്റൊരു തെളിവും ഈ പുത്തനാചാരത്തിന് ഇവരുടെ പക്കലില്ല. ക്വുർആനിലെ 114 സൂറത്തുകളിൽനിന്ന് ഒരു തെളിവുപോലും ഇവർക്ക് കിട്ടാതെ വന്നപ്പോൾ ക്വുർആനിന് മേൽ കടുത്ത കൃത്രിമം കാണിക്കാൻ ഇവർ മടിച്ചില്ല. സൂറത്തു ആലുഇംറാനിലെ 164, യൂനുസിലെ 58, അൽഅമ്പിയാഇലെ 107, ദുഹായിലെ 11 എന്നീ ആയത്തുകൾ ഇക്കൂട്ടരുടെ അന്യായത്തിന് ഇരയാക്കപ്പെട്ടവയാണ്. ഈ ആയത്തുകളെ നബിദിനാഘോഷത്തിന് തെളിവായി എടുത്തുകാട്ടിയ പ്രാമാണികരായ ഒരാളെയും ഇവർക്ക് ചൂണ്ടിക്കാണിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല, സാധിക്കുകയുമില്ല!

ഹദീസ് പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ ചേർത്ത പ്രവാചക ചരിത്രവുമായി ബന്ധപ്പെട്ട ഹദീസുകൾക്ക് മേലും ഇവർ കൈവച്ചു. ഗ്രന്ഥകർത്താക്കളെയും വിശദീകരണം നൽകിയവരെയും അമ്പരപ്പിക്കുന്ന വക്രീകരണമാണിവർ നടത്തിയത്. തിങ്കളാഴ്ച നോമ്പ്, ഖദീജ ബീവിയോടുള്ള ഇഷ്ടത്തിന് നബി(സ്വ) ആടിനെ അറുത്തത്, സുവൈബ എന്ന അടിമ മോചിപ്പിക്കപ്പെട്ടത്, നബി(സ്വ) തനിക്കുവേണ്ടി അക്വീക്വ അറുത്തു എന്ന ദുർബല റിപ്പോർട്ട്... ഇതെല്ലാമാണ് ഇവർക്ക് നബിദിനമാഘോഷിക്കാനുള്ള പ്രധാന തെളിവുകൾ! ഇതിലെവിടെയാണ് ജന്മദിനം ആഘോഷിക്കണമെന്നുള്ളത് എന്നൊന്നും ഇവരോടു ചോദിക്കരുത്. അവരുടെ ആവശ്യം തങ്ങൾ ഭയങ്കരമായ തെളിവു നൽകി മുജാഹിദുകളെ തോൽപിച്ചുകളഞ്ഞു എന്ന് സ്വന്തം അണികളെ ബോധ്യപ്പെടുത്തലാണ്. എല്ലാ പൊള്ളത്തരങ്ങളും വെളിച്ചത്താകുന്ന ദിവസം അകലെയല്ല എന്നേ പറയാനുള്ളൂ.

> നബി(സ്വ) ജനിച്ച മാസമെന്ന പേരിൽ റബീഉൽ അവ്വൽ മാസത്തിൽ മുസ്‌ലിയാക്കന്മാർ നടത്തുന്ന മീലാദ് ആഘോഷങ്ങളെ ആചാരമാക്കുന്നതിന് യാതൊരു അടിസ്ഥാനവുമില്ല. പ്രമാണങ്ങുടെ ഒരു തരിമ്പ് പിൻബലം പോലുമില്ലാത്ത ഈ ആർഭാഢാഘോഷത്തിന് 'ഇഷ്ഖ്,' 'മഹബ്ബത്ത്,' 'റഹ്മത്ത്,' 'നിഅ്മത്ത്,' 'ഫള്ൽ,' 'ബറകത്ത്' പോലുള്ള പേരുകൾ നൽകിയാൽ അത് അനുവദനീയമാകുമോ? ഉത്തമ തലമുറകൾക്കോ അഹ്‌ലുസ്സുന്ന വൽജമാഅയുടെ ഇമാമുമാർക്കോ പരിചയമില്ലാത്ത ഈ 'താത്ക്കാലിക സ്നേഹ'ത്തിന്റെ മറവിൽ നടക്കുന്നത് ആത്മീയ-സാമ്പത്തിക ചൂഷണങ്ങളാണ്.

അല്ലാഹു പറയുന്നു: “ഓരോ സമുദായത്തിൽനിന്നും ഓരോ സാക്ഷിയെ(അന്ന്) നാം പുറത്ത് കൊണ്ടുവരുന്നതാണ്. എന്നിട്ട് (ആ സമുദായങ്ങളോട്) നിങ്ങളുടെ തെളിവ് നിങ്ങൾ കൊണ്ടുവരൂ എന്ന് നാം പറയും. ന്യായം അല്ലാഹുവിനാണുള്ളതെന്ന് അപ്പോൾ അവർ മനസ്സിലാക്കും. അവർ കെട്ടിച്ചമച്ചു കൊണ്ടിരുന്നതെല്ലാം അവരെ വിട്ടുമാറിപ്പോകുകയും ചെയ്യും”(28:75).

മങ്കൂസ് മൗലിദ് അടക്കമുള്ള ശിർക്കൻ വരികളുള്ള മൗലിദ് കിതാബുകൾ ചൊല്ലിയും ജനങ്ങളെ കൊണ്ട് ചൊല്ലിപ്പിച്ചുമാണ് ഇവർ മൗലിദാഘോഷിക്കുന്നത്. ഇവ പാരായണം ചെയ്താൽ ഒരുപാട് ആഗ്രഹങ്ങൾ സഫലമാകുമത്രെ! ഒരു മുസ്‌ലിയാർ എഴുതിവിട്ടത് കാണുക: “മൗലിദ് പാരായണം ചെയ്യുന്നതിലൂടെ ലഭി



ക്കുന്ന അത്ഭുതകരമായ അനുഭവങ്ങളാണ് പല സ്നേഹികൾക്കും പങ്കുവെക്കാനുള്ളത്. മുത്ത് ഹബീബ്(സ) തങ്ങളെ ദർശിച്ചു, മദീന സിയാറത്തും ഉംറയും ചെയ്യാൻ ഭാഗ്യം ലഭിച്ചു, ജീവിതത്തിൽ നീറുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം ലഭിച്ചു, സന്താന ലബ്ധി, ബിസിനസ്സിൽ പുരോഗതി തുടങ്ങി ഒട്ടനവധി ഫലങ്ങൾ ലഭിച്ചു എന്നിങ്ങനെയുള്ള അനുഭവങ്ങളാണ് മൗലിദുൽ ഹുസ്നൈനിനി പാരായണം ചെയ്യുന്ന ഓരോരുത്തർക്കും പങ്കുവെക്കാനുള്ളത്”(മൗലിദുൽ ഹുസ്നൈൻ/ അബ്ദുൽ ബസ്വീർ സഖാഫി / പേജ് 9).

എന്നോ ആരോ കെട്ടിയുണ്ടാക്കിയ വരികൾ പാരായണം ചെയ്യുകവഴി സന്താനലബ്ധിയടക്കം ഭൗതികമായ ഒട്ടേറെ നേട്ടങ്ങൾ ലഭിക്കുമെന്നു പറഞ്ഞ് ജനങ്ങളെ വഞ്ചിക്കുകയല്ലേ ഇവർ ചെയ്യുന്നത്? അല്ലാഹുവിൽ തവക്കുലാക്കുക എന്നതിൽനിന്ന് സമൂഹത്തെ അകറ്റുന്ന പണിയല്ലേ ഇത്?

അല്ലാഹു പറയുന്നു: “നന്മയായിട്ട് നിനക്ക് എന്തൊന്ന് വന്നുകിട്ടിയാലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. നിന്നെ ബാധിക്കുന്ന ഏതൊരു ദോഷവും നിന്റെ പക്കൽ നിന്നുതന്നെ ഉണ്ടാകുന്നതാണ്.(നബിയേ,) നിന്നെ നാം മനുഷ്യരിലേക്കുള്ള ദൂതനായി നിയോഗിച്ചിരിക്കുന്നു. (അതിന്) സാക്ഷിയായി അല്ലാഹു മതി”(4:79).

### നല്ല ബിദ്അത്തോ?

പല ബിദ്അത്തുകളും ജനങ്ങളെക്കൊണ്ട് ചെയ്യിക്കാറുള്ളത് ‘നല്ല ബിദ്അത്ത്’ എന്ന ഓമനപ്പേരിട്ടാണ്. മതകാര്യങ്ങളിൽ നല്ല ബിദ്അത്ത്, ചീത്ത ബിദ്അത്ത് എന്ന വേർതിരിവില്ല. ബിദ്അത്തുകളെല്ലാം ബിദ്അത്തുകൾതന്നെയാണ്. അവയെല്ലാം വഴികേടുമാണ്.

ആഇശ(റ)യിൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: “നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) ആരെങ്കിലും പുതുതായി വല്ലതും ഉണ്ടാക്കിയാൽ അത് തള്ളിക്കളയണം”(മുസ്‌ലിം).

ഉമർ(റ) തന്റെ കാലഘട്ടത്തിൽ തറാവീഹ് നമസ്കാരം ജമാഅത്തായി നടത്തപ്പെടുന്നത് കണ്ടപ്പോൾ ‘നിഅ്മത്തിൽ ബിദ്അത്തു ഹാദിഹി’ എന്നു പറഞ്ഞതിലാണ് ഇവർ തൂങ്ങിപ്പിടിക്കുന്നത്. പണ്ഡിതന്മാർ കൃത്യമായി ഇതിന്റെ അർഥം വിവരിച്ചിട്ടുണ്ടെങ്കിലും അതെല്ലാം മനഃപൂർവം മൂടിവച്ചുകൊണ്ടാണിവർ ഇതിനെ ദുരുപയോഗം ചെയ്യുന്നത്.

ഇമാം ഇബ്നു റജബ്(റഹി) പറയുന്നു: “പൂർവികർ നല്ല ബിദ്അത്തുകൾ എന്നു ചില കാര്യങ്ങളിൽ പറഞ്ഞത് ഭാഷാപരമാണ്,

പ്രവാചകന്മാരുടെ ജന്മദിനത്തെ ഉത്സവവേളയാക്കുക എന്നത് ജൂത-ക്രൈസ്തവ വിഭാഗങ്ങളുടെ പതിവാണ്. അതിനോട് സാദൃശ്യം പുലർത്തിയാണ് സമസ്തക്കാർ നബിദിനം ആഘോഷിക്കുന്നത്. അവർ തന്നെ എഴുതുന്നു: "ചില മതങ്ങൾ മതസ്ഥാപകരുടെയും മറ്റും ജന്മദിനം ആഘോഷിച്ചു വരുന്നു. ബുദ്ധമത വിശ്വാസികൾ ബുദ്ധന്റെ ജന്മ ദിനം ഒരു പ്രധാന ആഘോഷമായി കാണുന്നു. ക്രിസ്തുവിന്റെ ജന്മദിനം ക്രിസ്തുമസ്സും ലോകം മുഴുവൻ കൊണ്ടാടപ്പെടുന്നു. ഗുരുനാനാക്ക് ജനിച്ച ദിവസം സിഖുക്കാരും ആഘോഷിക്കുന്നു. മുസ്‌ലിംകൾ പ്രവാചകൻ(സ്വ)യുടെ ജന്മദിനം ലോകമെങ്ങും സമുചിതമായി ആഘോഷിക്കുന്നു" (സന്തുഷ്ട കുടുംബം മാസിക/2014 ജനുവരി/പേജ് 41).



അല്ലാതെ മതപരമല്ല. അതിൽ പെട്ടതാണ് റമദാനിലെ രാത്രി നമസ്കാരം ഒരു പള്ളിയിൽ ഇമാമിന് കീഴിൽ നടക്കുന്നത് കണ്ടപ്പോൾ ഉമർ(റ) പറഞ്ഞത്" (ജാമിഉൽ ഉലൂം വൽഹികം).

ഇബ്നു കസീർ(റഹി) പറയുന്നു: "ബിദ്അത്ത് മതപരം, ഭാഷാപരം എന്നിങ്ങനെ രണ്ടു രൂപത്തിലാണ്. ഉമർ(റ) തറാവീഹിനെപ്പറ്റി പറഞ്ഞത് ഭാഷാപരമാണ്."

ഇമാം ശാഫിഈതന്നെയും ഇതേ കാര്യം പറഞ്ഞത് ഇമാം ബൈഹകി(റഹി)യും അബൂശാമ(റഹി)യും ഉദ്ധരിച്ചിട്ടുണ്ട്.

ഇത്തരം ബിദ്അത്തുകളെയെല്ലാം മതത്തിൽപെട്ടതായി പരിഗണിച്ചാൽ മതത്തിന്റെ പൂർണതയിൽ സംശയം ജനിക്കുകയും നബി(സ്വ)യുടെ പരിപൂർണ മാതൃകാ ജീവിതത്തിൽ സംശയത്തിനിട വരികയും 'നിങ്ങളുടെ മതത്തെപ്പറ്റി നിങ്ങൾ അല്ലാഹുവെ പഠിപ്പിക്കുകയാണോ?'(49:16) എന്ന ഖുർആനിന്റെ ചോദ്യം അപ്രസക്തമാവുകയും ചെയ്യുന്ന അവസ്ഥയായിരിക്കും ഫലം.

പ്രവാചകന്മാരുടെ ജന്മദിനത്തെ ഉത്സവവേളയാക്കുക എന്നത് ജൂത-ക്രൈസ്തവ വിഭാഗങ്ങളുടെ പതിവാണ്. അതിനോട് സാദൃശ്യം പുലർത്തിയാണ് സമസ്തക്കാർ നബിദിനം ആഘോഷിക്കുന്നത്. അവർ തന്നെ എഴുതുന്നു:

"ചില മതങ്ങൾ മതസ്ഥാപകരുടെയും മറ്റും ജന്മദിനം ആഘോഷിച്ചു വരുന്നു. ബുദ്ധമത വിശ്വാസികൾ ബുദ്ധന്റെ ജന്മ ദിനം ഒരു പ്രധാന ആഘോഷമായി കാണുന്നു. ക്രിസ്തുവിന്റെ ജന്മദിനം ക്രിസ്തുമസ്സും ലോകം മുഴുവൻ കൊണ്ടാടപ്പെടുന്നു. ഗുരുനാനാക്ക് ജനിച്ച ദിവസം സിഖുക്കാരും ആഘോഷിക്കുന്നു. മുസ്‌ലിംകൾ പ്രവാചകൻ(സ)യുടെ ജന്മദിനം ലോകമെങ്ങും സമുചിതമായി ആഘോഷിക്കുന്നു" (സന്തുഷ്ട കുടുംബം മാസിക/2014 ജനുവരി/പേജ് 41).

ഏതൊരു കൂട്ടരിൽ പെടാതിരിക്കാൻ അല്ലാഹുവിൽ അഭയം തേടുന്നുവോ അവരെ ചാണിനു ചാണായി പിൻപറ്റുക എന്നതാണ് ഇവരുടെ ശൈലി. അല്ലാഹു പറയുന്നു: "അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ. കോപത്തിന് ഇരയായവരുടെ മാർഗത്തിലല്ല. പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല"(1:7).

ദിനേനെ പുഷ്ടിപ്പെടുന്ന ബിദ്അത്തുകളെ തടയാനും ചെറുത്ത് തോൽപിക്കാനും മതം വരച്ച വരയിൽ നിൽക്കലാണ് പരിഹാരം. ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) പറയുന്നു: "നിശ്ചയം, അല്ലാഹുവിന്റെ വിധികൾ സ്ഥിരപ്പെടുത്തുന്നതിൽ പിൻപറ്റപ്പെടേണ്ടത് അല്ലാഹുവിന്റെ ഗ്രന്ഥവും നബി(സ്വ)യുടെ ചര്യയും ആദ്യമായി മുൻകടന്നവരുടെ മാർഗവുമാണ്. മതവിധി ഉറപ്പിക്കാൻ ഈ മൂന്ന് അടിസ്ഥാനങ്ങളല്ലാത്ത രേഖയോ നിർധാരണമോ ഇല്ല" (ഇക്തിളാഹുസ്സിറാത്തുൽ മുസ്തഖീം).

പി.എൻ അബ്ദുല്ലത്വീഫ് മദനി

# ചിന്തനീയമായ മൊഴിമുത്തുകൾ

ഇഹലോക ജീവിതം സുഖ-ദുഃഖ സമ്മിശ്രമാണ്. അല്ലാഹുവിന്റെ ഹിതമനുസരിച്ചുള്ള കാര്യങ്ങളാണ് നമ്മുടെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതും സംഭവിക്കാനുള്ളതുമെല്ലാം. ജീവിതത്തിലെ ഏതു പ്രതിസന്ധിഘട്ടത്തിലും തളരാതിരിക്കാനും എത്ര വലിയ സന്തോഷവേളയിലും അമിതമായി ആഹ്ളാദിക്കാതിരിക്കാനും നമുക്ക് കഴിയണം. സന്താപ വേളയിൽ ക്ഷമിക്കാനും സന്തോഷ വേളയിൽ സ്രഷ്ടാവിനോട് നന്ദി കാണിക്കാനും വിശ്വാസികൾക്ക് സാധിക്കണം.

ജീവിതത്തെക്കുറിച്ചുള്ള നമ്മുടെ കാഴ്ചപ്പാടുകളെ മാറ്റിമറിക്കുന്ന, ഏറെ ചിന്താർഹമായ ചില മൊഴിമുത്തുകളാണ് താഴെ കൊടുക്കുന്നത്. ഇമാം ഇബ്നുൽ ഖയ്യിമിന്റെ ഈ മനോഹരമായ വാക്കുകൾ നമ്മുടെ മനസ്സിൽനിന്നും പെട്ടെന്നൊന്നും മാഞ്ഞുപോകാൻ സാധ്യതയില്ല:

“നിന്റെ വേദനകൾ പങ്കിട്ടെടുക്കുന്ന ഒരു സ്നേഹിതനുമില്ല. നിന്റെ പ്രയാസങ്ങൾക്ക് ചുമൽ വെച്ചുതരുന്ന ഒരാത്മസുഹൃത്തുമില്ല. നിനക്ക് പകരം ഉറക്കമിളക്കുന്ന ഒരടുപ്പക്കാരനുമില്ല. നിന്നെ നീ തന്നെ ശ്രദ്ധിക്കുക. നിനക്ക് നീ തന്നെ കാവലിരിക്കുകയും നിന്നെ നീ തന്നെ നിയന്ത്രിക്കുകയും ചെയ്യുക. ജീവിത ദുഃഖങ്ങൾക്കു പരിധിയിൽ കവിഞ്ഞ പരിഗണന കൊടുക്കരുത്. നീ തളരുമ്പോൾ ഊർജം പകർന്നു കൊടുത്തു കരുത്തു വീണ്ടെടുക്കേണ്ടത് നീ തന്നെയാണ്. നീ പരാജയപ്പെടുമ്പോൾ നിന്റെ നിശ്ചയദാർഢ്യം മാത്രമാണ് നിന്റെ തുണക്കെത്തുക. വീണുപോയേടത്തുനിന്ന് ഉയിർത്തെഴുന്നേൽക്കുന്നതിനുള്ള പ്രാപ്തി നിന്റെ കൈവശം തന്നെയാണുള്ളത്.

നിന്റെ വില മറ്റുള്ളവരുടെ ദൃഷ്ടികളിൽ തിരഞ്ഞുനടക്കരുത്. നിന്റെ വില നിന്റെ ഹൃദയത്തിൽ തന്നെ അന്വേഷിക്കുക. നിന്റെ മനസ്സിന് ആശ്വാസം കിട്ടുന്നുവെങ്കിൽ നിന്റെ പ്രഭാവം ഉയർന്നു തന്നെയാണ് നിൽക്കുന്നത് എന്നർഥം.

നിന്നെക്കുറിച്ചു നന്നായി നിനക്കു തന്നെ അറിയാമെങ്കിൽ മറ്റുള്ളവർ നിന്നെക്കുറിച്ചു പറയുന്നത് കാര്യമാക്കേണ്ട. ഇഹലോകത്തിലെ വിഭവസമാഹരണ ചിന്ത ചുമന്നു നടക്കരുത്. ഇഹലോകം അല്ലാഹുവിന്റെതാണ്. ആഹാരത്തെക്കുറിച്ച് ആശങ്കപ്പെടേണ്ട; അത് നൽകുന്നവൻ അല്ലാഹുവാണ്. ഭാവിയെക്കുറിച്ചു വ്യാകുലപ്പെടേണ്ട; അത് ദൈവത്തിന്റെ കരങ്ങളിലാണ്. ‘എങ്ങനെ അല്ലാഹുവിനെ തൃപ്തിപ്പെടുത്താം’ എന്നതായിരിക്കട്ടെ നിന്റെ മനോവിചാരം. കാരണം നീ അല്ലാഹുവിനെ തൃപ്തിപ്പെടുത്തിയാൽ നിന്നെ അവനിഷ്ടപ്പെടും. മറ്റുള്ളവർ നിന്നെ ഇഷ്ടപ്പെടാൻ അവൻ അവസരമൊരുക്കും. ഐശ്വര്യവും സ്വയം പര്യാപ്തതയും അവനുണ്ടാക്കിത്തരും.

നിന്റെ മനസ്സിനെ കരയിച്ച ജീവിത ദുഃഖങ്ങളിൽ നിരാശപ്പെടരുത്. നീ പറയേണ്ടത് ‘അല്ലാഹുവേ, ഐഹിക ലോകത്തും പരലോകത്തും ഉത്തമമായതിനെ എനിക്ക് പകരം നൽകേണമേ’ എന്നാണ്. സങ്കടങ്ങൾ ഒരു സാഷ്ടാംഗ പ്രണാമം കൊണ്ട് അപ്രത്യക്ഷമാകും. സന്തോഷം ഒരു പ്രാർഥനകൊണ്ട് ഓടിയെത്തും. നീ ചെയ്ത ഒരു നന്മയും അല്ലാഹു മറക്കില്ല. മറ്റുള്ളവരുടെ പ്രയാസങ്ങൾ നീ പരിഹരിച്ചു കൊടുത്തത് അവൻ ഓർക്കും. കണ്ണുനീർ പൊഴിക്കുന്ന നേത്രങ്ങൾ തുടച്ചു കൊടുത്ത് അവക്ക് ആനന്ദം പകരാനുള്ള നിന്റെ യത്നം അവൻ വിസ്മരിക്കില്ല. ഈ പറഞ്ഞ അടിസ്ഥാനങ്ങളെ ആധാരമാക്കി ജീവിതത്തെ മുന്നോട്ടു നയിക്കുക. നിനക്ക് നന്മ ചെയ്യുന്നവരെ നിനക്കു കണ്ടെത്താനായില്ലെങ്കിലും മറ്റുള്ളവർക്ക് നീ നന്മ ചെയ്യുക; അവരുടെ സ്തുതിഗീതങ്ങൾക്ക് കാതോർക്കുവാനല്ല, നന്മ ചെയ്യുന്നവനെ അല്ലാഹു സ്നേഹിക്കുന്നു എന്നതാണ് കാര്യം. ഉദാരമായി ദാനധർമങ്ങൾ നിർവഹിക്കുക; നിന്റെ ചുമലിൽ കെട്ടിവെക്കപ്പെട്ട ജീവിത ഭാരങ്ങളെ അറുത്തുമാറ്റാൻ അത് നിന്നെ സഹായിക്കും. നിന്റെ ദാനങ്ങൾ കിട്ടുവന്നവരെക്കാൾ നൽകുന്ന നീ തന്നെയാണ് അതാവശ്യമുള്ളവൻ എന്നറിയുക.” ■

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300

ഇ.കെ. മൗലവി;
മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 24

# ഇ.കെ.മൗലവി സ്വാതന്ത്ര്യ സമരരംഗത്ത്

ദീർഘകാലം തുർക്കിയായിരുന്നു മുസ്‌ലിംകളുടെ ആസ്ഥാനം. തുർക്കി ഖലീഫയെ മുസ്‌ലിംകൾ നേതാവായി അംഗീകരിച്ചിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ തുർക്കി ബ്രിട്ടനുൾപ്പെടുന്ന ഐക്യകക്ഷികൾക്കെതിരായിരുന്നു. ബ്രിട്ടൻ തുർക്കിക്കെതിരെ പടനയിക്കുന്നത് ഇന്ത്യയിലെ മുസ്‌ലികളിൽ ബ്രിട്ടീഷ് വിരോധം ആളിക്കത്തിച്ചു. മുസ്‌ലിംകളെ അനുനയിപ്പിക്കുന്നതിന് യുദ്ധത്തിന്റെ ആരംഭത്തിൽ ബ്രിട്ടീഷ് പ്രധാനമന്ത്രി ലോയ്ഡ് ജോർജ് തുർക്കി ഖിലാഫത്തിനോ മുസ്‌ലിം പുണ്യപ്രദേശങ്ങൾക്കോ നേരെ യാതൊരു ഉപരോധവുമുണ്ടാവുകയില്ലെന്ന് ഇന്ത്യയിലെ മുസ്‌ലിംകൾക്ക് ഉറപ്പു നൽകി. സ്വന്തം ഖലീഫക്കെതിരിൽ അണിനിരക്കാനും ബ്രിട്ടീഷുകാരെ സർവാത്മനാ സഹായിക്കാനും ഇന്ത്യൻ മുസൽമാന്മാരെ പ്രേരിപ്പിച്ചത് ബ്രിട്ടീഷ് പ്രാധാനമന്ത്രിയുടെ ഈ പ്രഖ്യാപനമായിരുന്നു. യുദ്ധാനന്തരം ബ്രിട്ടീഷ് ഭരണകൂടം



വൈദേശിക ഭരണകൂടവുമായി എല്ലാതലത്തിലും നിസ്സഹകരിക്കുന്നതിന് കോൺഗ്രസ്സ് തീരുമാനിച്ചിരുന്നു. 1920ലെ നാഗപ്പൂർ പ്രമേയം ബ്രിട്ടീഷ് ഭരണകൂടത്തിന്നെതിരെ നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നതിന്ന് ആഹ്വാനം ചെയ്തു. അതിനാൽ 1920-21 കാലഘട്ടത്തിൽ കോൺഗ്രസ്സും ഖിലാഫത്തും ആശയാദർശങ്ങളിൽ ഒന്നുതന്നെയായിരുന്നു. ഇന്ത്യൻ ദേശീയതയുടെ ഈ രണ്ടു പ്രവാഹങ്ങളും ഒരുമിച്ചുചേർന്ന് ബ്രിട്ടീഷ് ഭരണകൂടത്തിന്നെതിരിൽ ശക്തമായി രംഗത്തിറങ്ങി.

വാഗ്ദത്തം ലംഘിക്കുകയാണുണ്ടായത്. ഖിലാഫത്തിന്റെ പ്രതാപവും പദവിയും നശിപ്പിക്കപ്പെട്ടു. തുർക്കിക്കു കീഴിലുണ്ടായിരുന്ന പ്രദേശങ്ങളെല്ലാം ബ്രിട്ടീഷ് സഖ്യകക്ഷികൾ വീതിച്ചെടുത്തു. തുർക്കി ഒരു നാമമാത്ര രാഷ്ട്രമായി അധഃപതിച്ചു.

ഖിലാഫത്തിന്നെതിരായുള്ള ഈ കടന്നാക്രമണം മുസൽമാന്മാരെ ധർമസങ്കടത്തിലാഴ്ത്തി. ഡോ. എ.എം അൻസാരി, അലി സഹോദരന്മാർ, മൗലാനാ അബുൽകലാം ആസാദ് തുടങ്ങിയ നേതാക്കൾ ബ്രിട്ടീഷുകാർക്കെതിരെ ഭാരതീയ മുസൽമാന്മാരെ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പേരിൽ സംഘടിപ്പിച്ചു. കോൺഗ്രസ്സ് ഖിലാഫത്ത് പ്രസ്ഥാനത്തിന് സാർവത്രികമായ പിന്തുണ വാഗ്ദാനം ചെയ്തു.

വൈദേശിക ഭരണകൂടവുമായി എല്ലാതലത്തിലും നിസ്സഹകരിക്കുന്നതിന് കോൺഗ്രസ്സ് തീരുമാനിച്ചിരുന്നു. 1920ലെ നാഗപ്പൂർ പ്രമേയം ബ്രിട്ടീഷ് ഭരണകൂടത്തിന്നെതിരെ നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കുന്നതിന്ന് ആഹ്വാനം ചെയ്തു. അതിനാൽ 1920-21 കാലഘട്ടത്തിൽ കോൺഗ്രസ്സും ഖിലാഫത്തും ആശയാദർശങ്ങളിൽ ഒന്നുതന്നെയായിരുന്നു. ഇന്ത്യൻ ദേശീയതയുടെ ഈ രണ്ടു പ്രവാഹങ്ങളും ഒരുമിച്ചുചേർന്ന് ബ്രിട്ടീഷ് ഭരണകൂടത്തിന്നെതിരിൽ ശക്തമായി രംഗത്തിറങ്ങി.

ഇതിനകം മുസ്‌ലിം ശാക്തീകരണം ലക്ഷ്യം വെച്ചുകൊണ്ട്, കോൺഗ്രസ് പിന്തുണയോടെ മുസ്‌ലിം പണ്ഡിതർക്കായി 'മജ്‌ലിസുൽ ഉലമാ' എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കപ്പെട്ടിരുന്നു. സംഘടനയുടെ ഒരു പ്രത്യേക സമ്മേളനം 1921 ഏപ്രിൽ 2,3 തീയതികളിൽ തമിഴ്നാട്ടിലെ ഈറോഡുവെച്ച് നടന്നു. അലി സഹോദരന്മാരും അബുൽകലാം ആസാദും ഖുത്ബുദ്ദീൻ അൻസ്വാരിയുമടക്കമുള്ള പ്രമുഖർ പങ്കെടുത്ത സമ്മേളനത്തിൽ കേരളത്തിൽനിന്നും പ്രതിനിധികൾ പങ്കെടുത്തിരുന്നു. കേരളത്തിന്റ ചുമതല വക്കം മുഹമ്മദ് അബ്ദുൽഖാദർ മൗലവിക്കായിരുന്നു. കേരളത്തിലെ പണ്ഡിതന്മാർക്കും ഇതുപോലെ ഒരു പ്രത്യേക സംഘടന വേണമെന്ന് പങ്കെടുത്ത പ്രതിനിധികൾ ആവശ്യമുയർത്തി.

ആയിടയ്ക്കാണ് ഒറ്റപ്പാലത്തു കോൺഗ്രസ്സ്-ഖിലാഫത്ത് സമ്മേളനം നടന്നത്. മലബാറിലെ മാപ്പിളമാരെല്ലാം കോൺഗ്രസ്സിൽ ചേർന്ന് സഹകരിക്കണമെന്ന് എം.പി നാരായണ മേനോൻ തന്റെ പ്രസംഗത്തിൽ അഭ്യർഥിച്ചു. ദേശീയ സമരരംഗത്ത് മുസ്‌ലിംകളെ ശാക്തീകരിക്കുക എന്നതു തന്നെയായിരുന്നു സമ്മേളന ലക്ഷ്യം. അതിന്റെ

ഭാഗമായി സമ്മേളനത്തിൽ വെച്ച് ദേശീയ സമരരംഗത്ത് സജീവമായിരുന്ന പണ്ഡിതന്മാരെ ഉൾപ്പെടുത്തി കേരളത്തിലും മജ്‌ലിസുൽ ഉലമയുടെ ഘടകം രൂപീകരിക്കുകയുണ്ടായി. മൗലവി സയ്യിദ് മുർത്തളാ പ്രസിഡന്റായും ഇ.മൊയ്തു മൗലവി സെക്രട്ടറിയായും രൂപം കൊണ്ട ഈ സംഘടനയുടെ പ്രവർത്തക സമിതിയിൽ അസിസ്റ്റന്റ് സെക്രട്ടറിയായി നിയമിതരായവരിൽ ഇ.കെ.മൗലവിയും ഉണ്ടായിരുന്നു.[64] ഇ.കെ.മൗലവിയോടൊപ്പം ഐക്യസംഘം നേതാക്കളായ വക്കം എം.മുഹമ്മദ് അബ്ദുൽഖാദർ മൗലവി, ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ, കട്ടിലശ്ശേരി എം.വി മുഹമ്മദ് മൗലവി, മൗലവി അറബിഷംനാട് കാസർകോട്, മൗലവി എ. മുഹമ്മദ് കുഞ്ഞ് വക്കം തുടങ്ങിയവരെയും ഭാരവാഹികളായി തെരഞ്ഞെടുത്തിരുന്നു. ഇവരെല്ലാം ഐക്യസംഘത്തിന്റെ മുന്നണിപ്പോരാളികളായിരുന്നു.

ഐക്യസംഘത്തിന്റെ അമരത്തുണ്ടായിരുന്ന കട്ടിലശ്ശേരി മുഹമ്മദ് മൗലവി പ്രസിഡന്റായും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് സെക്രട്ടറിയായും സമ്മേളനത്തിൽ വെച്ച് കേരള ഖിലാഫത്ത് കമ്മിറ്റി രൂപീകരിക്കപ്പെട്ടു. എന്നാൽ അക്കാലത്തെ പ്രമുഖ യാഥാസ്ഥിതിക പണ്ഡിതന്മാർ കേരള മജ്‌ലിസുൽ ഉലമാക്കെതിരെ രംഗത്തിറങ്ങി. സാമ്രാജ്യത്വവിരുദ്ധ സമരങ്ങൾക്ക് വിലക്കേർപ്പെടുത്തി ഫത്‌വ ഇറക്കാനും അവർ മടിച്ചില്ല.

1919 മുതൽ ഇ.കെ.മൗലവി കൊച്ചി രാജ്യത്തെ കൊടുങ്ങല്ലൂരിൽ മതവിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നല്ലോ. കൊച്ചി രാജ്യം ബ്രിട്ടീഷുകാരുടെ ഒരു സാമന്ത രാജ്യമായിരുന്നതിനാൽ അവിടെ ബ്രിട്ടന്റെ അതിക്രമങ്ങൾ ഒട്ടും തന്നെ ഉണ്ടായിരുന്നില്ല. ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ചിരുന്ന മലബാറിൽ ബ്രിട്ടീഷുകാരോടുള്ള എതിർപ്പ് ശക്തമായ രൂപത്തിൽ പ്രകടമായി. എന്നാൽ ഖിലാഫത്ത് പ്രസ്ഥാനം കൊടുമ്പിരികൊണ്ടതോടുകൂടി കൊടുങ്ങല്ലൂരിലും ബ്രിട്ടീഷ് വിരുദ്ധ പ്രവർത്തനങ്ങൾക്ക് ആക്കംകൂടി. നവോത്ഥാനരംഗത്ത് സജീവരായിത്തീർന്ന ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ ശിഷ്യൻമാരേറെയും സ്വാതന്ത്ര്യസമര രംഗത്ത് നിലയുറപ്പിച്ചു. അക്കാര്യം ഇ.കെ.മൗലവി ഇപ്രകാരം എഴുതുന്നു:

“അപ്പോഴേക്കും ഇന്ത്യയിലൊട്ടാകെ ഖിലാഫത്ത് പ്രസ്ഥാനം കൊടുമ്പിരിക്കൊണ്ടു. കേരളവും ഒട്ടും പിന്നിലായിരുന്നില്ല. മൗലാനയുടെ ശിഷ്യന്മാരിൽ ഒട്ടുപേരും അതിലെ പ്രവർത്തകന്മാരായിത്തീർന്നു. കാരണം മുസ്‌ലിംകളിൽ കുറെയെങ്കിലും എഴുതുവാനും പ്രസംഗിക്കുവാനും കഴിവുള്ളവർ അവരായിരുന്നു.”[65]

കേരള മുസ്‌ലിം നവോത്ഥാനത്തിന് തുടക്കമിട്ടവരെല്ലാം ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് അനൽപമായ സംഭാവനകൾ നൽകിയവരാണ്. നാട്ടിന്റെ വിവിധ ഭാഗങ്ങളിൽ അവർ ഖിലാഫത്ത് യോഗങ്ങൾ സംഘടിപ്പിച്ചു ബ്രിട്ടിഷുകാർക്കെതിരെ പ്രതിഷേധമുയർത്തി. കെ.എം. മൗലവി, കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ല്യാർ, എം.സി.സി.അബ്ദുറഹ്മാൻ മൗലവി തുടങ്ങിയ നവോത്ഥാന നായകർ മലബാറിൽ നടത്തിയ ഖിലാഫത്ത് സമരങ്ങൾക്ക് സമാനമായി കൊച്ചി രാജ്യത്ത് ഇ.കെ.മൗല



കേരള മുസ്‌ലിം നവോത്ഥാനത്തിന് തുടക്കമിട്ടവരെല്ലാം ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിന് അനൽപമായ സംഭാവനകൾ നൽകിയവരാണ്. നാട്ടിന്റെ വിവിധ ഭാഗങ്ങളിൽ അവർ ഖിലാഫത്ത് യോഗങ്ങൾ സംഘടിപ്പിച്ചു ബ്രിട്ടിഷുകാർക്കെതിരെ പ്രതിഷേധമുയർത്തി. കെ.എം.മൗലവി, കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ല്യാർ, എം.സി.സി.അബ്ദുറഹ്മാൻ മൗലവി തുടങ്ങിയ നവോത്ഥാന നായകർ മലബാറിൽ നടത്തിയ ഖിലാഫത്ത് സമരങ്ങൾക്ക് സമാനമായി കൊച്ചി രാജ്യത്ത് ഇ.കെ.മൗലവിയും ബ്രിട്ടീഷ് വിരുദ്ധ പ്രചാരണങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് ഒട്ടേറെ ഖിലാഫത്ത് സമരപരിപാടികളിൽ സംബന്ധിക്കുകയുണ്ടായി.

വിയും ബ്രിട്ടീഷ് വിരുദ്ധ പ്രചാരണങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ട് ഒട്ടേറെ ഖിലാഫത്ത് സമരപരിപാടികളിൽ സംബന്ധിക്കുകയുണ്ടായി.

1921ൽ മലബാറിൽ കലാപം രൂക്ഷമായതിനെ തുടർന്ന് ടി.കെ.മുഹമ്മദ് മൗലവി, എംസിസി അബ്ദുർറഹ്മാൻ മൗലവി, കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാർ തുടങ്ങിയ പ്രമുഖ വ്യക്തികൾ കൊടുങ്ങല്ലൂരിൽ അഭയം തേടി. കൊടുങ്ങല്ലൂരിലെ അവരുടെ സാന്നിധ്യം ദേശീയസമരങ്ങളിൽ ശക്തമായി പ്രവർത്തിക്കാനും മുസ്‌ലിം നവോത്ഥാന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുവാനും ഇ.കെ.മൗലവിക്കു സഹായകമായി. ഈ പണ്ഡിതന്മാരെ കൊടുങ്ങല്ലൂരിലും പരിസരപ്രദേശങ്ങളിലും നടന്ന ഖിലാഫത്ത് യോഗങ്ങളിൽ പങ്കെടുപ്പിക്കാനും ഇ.കെ.മൗലവി പരിശ്രമിച്ചു. എം.സി.സി.അബ്ദുറഹ്മാൻ മൗലവി പങ്കെടുത്ത ഒരു യോഗത്തെക്കുറിച്ച് എം.സി.സി. സ്മരണികയിൽ ഇ.കെ.മൗലവി എഴുതിയത് കാണുക:

“1921ൽ കൊടുങ്ങല്ലൂരിനടുത്തുള്ള പനങ്ങാട് ദേശത്ത് (സായിവിന്റെ പള്ളി) ഒരു ഖിലാഫത്ത് യോഗം നടക്കുകയുണ്ടായി. ഖിലാഫത്ത് യോഗങ്ങളിലൊക്കെ ഞാനും പങ്കെടുക്കാറുണ്ടെങ്കിലും ചില കാരണങ്ങളാൽ ആ യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നില്ല. യോഗത്തിന്റെ അധ്യക്ഷൻ ജ. കട്ടിലശ്ശേരി മുഹമ്മദ് മൗലവിയായിരുന്നു. ചെറുപ്പക്കാരനാണെങ്കിലും യോഗത്തിൽ നമ്മുടെ ചരിത്രപുരുഷനും വന്നെത്തിയിരുന്നു. അവിടെ എന്നെ കാണാതിരുന്നത് കൊണ്ട് യോഗാനന്തരം എം.സി.സി. അഴീക്കോട്ടേക്ക് വരികയുണ്ടായി. മൗലാനയുടെ പുത്രന്മാരിൽ ഒരാളെയെങ്കിലും കാണുവാൻ സാധിച്ചതിൽ എനിക്കുണ്ടായ സന്തോഷം എത്രയാണെന്ന് പറഞ്ഞറിയിക്കുക പ്രയാസമാണ്. അടുത്തദിവസം രാവിലെ ഞങ്ങൾ രണ്ടാളും ജുമുഅത്ത് പള്ളിക്കു മുമ്പിലുള്ള ചായക്കടയിലിരുന്ന് ചായ കുടിക്കുകയായിരുന്നു. അപ്പോൾ ആരോ പറഞ്ഞു; മലബാറിൽ ലഹള പൊട്ടി പുറപ്പെട്ടിരിക്കുന്നുവെന്ന്. ഞങ്ങളൊന്നമ്പരന്നു. ഉടനെ എം.സി.സി. പറഞ്ഞു; അതാ ആ വരുന്നയാൾ തിരൂരങ്ങാടിക്കാരനാണ്. അയാളെ അദ്ദേഹം വിളിച്ചെങ്കിലും ഒന്നുമറിയാത്ത ഭാവത്തിൽ നടക്കുകയാണ്. വീണ്ടും എം.സി.സി. അയാളെ പേരെടുത്ത് വിളിച്ചു. അയാൾ ഞങ്ങളുടെ അടുത്ത് വന്നു. അയാളോട് വിവരം അന്വേഷിച്ചപ്പോൾ ‘അതെ, ആ പട്ടാളക്കാർ പന്നികൾ വന്നു വെടിവെച്ചു. പലരേയും കൊന്നു. ഒരു കാറിൽ കുറെ ആളും പടസാമാനങ്ങളും വന്നു. ഞങ്ങൾ ആ കാറും ആളെയും പനമ്പുഴക്കൽക്ക് തള്ളി വിട്ടു. ഞാനിങ്ങോട്ടും വെച്ചു’ എന്നു മാത്രമാണ് അയാളിൽ നിന്നും കിട്ടിയ വിവരം. ഞങ്ങൾ കൊടുത്ത ചായയും കുടിച്ച് അയാൾ സ്ഥലം വിട്ടു. അവിടെ നിൽക്കാൻ കൂട്ടാക്കിയില്ല.[66]

കൊടുങ്ങല്ലൂരിൽ അഭയം തേടിയെത്തിയ എം.സി.സി. അബ്ദുറഹ്മാൻ മൗലവി ഇ.കെ.മൗലവിക്ക് നല്ല ഒരു തുണയായിമാറി. എം.സി.സി.യെ കൊടുങ്ങല്ലൂരിൽ തന്നെ താമസിപ്പിക്കണമെന്നായിരുന്നു ഇ.കെ.മൗലവിയുടെ ആഗ്രഹം. ഈ ആഗ്രഹം മൗലവിയും സുഹൃത്തുക്കളും എം.സി.സി.യെ അറിയിക്കുകയും കൊടുങ്ങല്ലൂരിൽതന്നെ തുടരാൻ എം.സി.സി. അബ്ദുറഹ്മാൻ മൗലവി സമ്മതിക്കുകയും ചെയ്തു.

ആയിടയ്ക്കാണ് മലബാറിലുണ്ടായിരുന്ന പണ്ഡിതവര്യനും സാമൂഹ്യപരിഷ്കർത്താവുമായ കെ.എം.മൗലവി വധശിക്ഷയ്ക്കു വിധിക്കപ്പെടുന്നത്. മലബാർ സമരത്തിന്റെ തുടക്കം തിരൂരങ്ങാടിയിൽ വെച്ചായിരുന്നല്ലോ. കലാപം പൊട്ടിപ്പുറപ്പെട്ടതറിഞ്ഞു നാടാകെ അമ്പരന്നു. ലഹള ശമിപ്പിക്കാനാ

യി കെ. എം. മൗലവി, ഇ. മൊയ്തു മൗലവി, കെ.പി. കേശവമേനോൻ, കെ. മാധവൻ നായർ എന്നിവരെ അന്നത്തെ മലബാർ കലക്ടർ തിരൂരങ്ങാടിക്കയച്ചു. അവർ തങ്ങളാൽ കഴിയുന്ന സകല ശ്രമങ്ങളും ചെയ്തുനോക്കി. മൗലവി സാഹിബ് ലഹളക്കാരോട് തിരിച്ചുപോകാനാവശ്യപ്പെട്ടു. നമ്മുടെ പള്ളികളെ അപമാനിച്ചതിന് പകരം ചോദിക്കാത്തതിനെക്കുറിച്ചു പരലോകത്ത് ചോദ്യം ചെയ്യുമ്പോൾ ആര് ഉത്തരം പറയും എന്നായിരുന്നു ലഹളക്കാരുടെ പ്രതികരണം. കെ.എം. മൗലവി സാഹിബ് ഇങ്ങനെ പ്രതിവചിച്ചു: 'അല്ലാഹുവിനോട് ഈ തയ്യിൽ മുഹമ്മദ് കുട്ടി ഉത്തരം പറയും. നിങ്ങൾ ഇപ്പോൾ തിരിച്ചുപോകണം.' തൽക്കാലം അവർ പിരിഞ്ഞുപോയി. അപ്പോഴേക്കും ലഹള സർവത്ര വ്യാപിച്ചിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ലഹളക്കാരും ഗവൺമെന്റും മൗലവി സാഹിബിന്റെ ശത്രുക്കളായി മാറി. ഏതാനും ദിവസങ്ങൾക്കകം ബ്രിട്ടീഷ് ഭരണകൂടം കെ.എം.മൗലവിയെ വധശിക്ഷക്കു വിധിച്ചു. തന്മൂലം അദ്ദേഹത്തിനു പരസ്യമായി പുറത്തിറങ്ങാൻ സാധിക്കാതെ വന്നു.

ഈ ഘട്ടത്തിൽ കെ.എം.മൗലവിയെ കൊടുങ്ങല്ലൂരിലേക്ക് കൊണ്ടുവരണമെന്ന് ഇ.കെ.മൗലവി ആഗ്രഹിച്ചു. വിധി നടപ്പാക്കാൻ അനുവദിച്ച മൂന്നു മാസത്തിനിടയിൽ ഇ.കെ.മൗലവിയും എം.സി.സി.യും കെ.എം.മൗലവിയുമായി നേരിട്ടു കത്തിടപാടുകൾ നടത്തിയിരുന്നു. അധികം താമസിയാതെ കെ.എം.മൗലവി സാഹിബ് അവർ നിർദേശിച്ച മാർഗത്തിലൂടെ കൊടുങ്ങല്ലൂരിലെത്തിച്ചേർന്നു. ഇതേ തുടർന്നു മലബാറിലെ ലഹളബാധിത പ്രദേശങ്ങളിൽനിന്ന് പലരും കൊടുങ്ങല്ലൂരിലേക്ക് വന്നുകൊണ്ടിരുന്നു. അവരെയെല്ലാം ഇ.കെ.മൗലവിയടക്കമുള്ള ഐക്യസംഘം പ്രവർത്തകർ സ്വീകരിക്കുകയും മണപ്പാട് കുഞ്ഞിമുഹമ്മദ് സാഹിബിന്റെയും സീതിസാഹിബിന്റെയും വീടുകളിൽ അവർക്കുള്ള താമസം ഒരുക്കുകയും ചെയ്തു.

കെ.എം. മൗലവി സാഹിബ് മലബാറിലെ ബ്രിട്ടീഷ് ഭരണത്തിന്റെ പീഡനങ്ങളിൽനിന്ന് അഭയംതേടി കൊടുങ്ങല്ലൂരിൽ വന്നെത്തിയതോടെ ഇ.കെ. മൗലവി സാഹിബിന് ഓജസ്സും ചൈതന്യവുമുള്ള ഒരു ആത്മമിത്രത്തിന്റെ കൂട്ട് ലഭിച്ചു. രണ്ടുപേരും നേരത്തെ വാഴക്കാട്ടെ ദർസിൽ സതീർഥ്യരായിരുന്നുവല്ലോ. അവിടെ തൊട്ട് തുടങ്ങിയ ഉറ്റബന്ധം മരണംവരെ നില നിർത്തപ്പെടുകയും ചെയ്തു. കെ.എം. മൗലവിയെ കൊടുങ്ങല്ലൂരിലെത്തിക്കുന്നതിൽ ബുദ്ധിപരമായ പങ്കുവഹിച്ചത് ഇ.കെ.മൗലവിയായിരുന്നു. ഉൽപതിഷ്ണുത്വത്തിന്റെ ഈ കൂട്ടുകെട്ട് 'കേരള മുസ്‌ലിം ഐക്യസംഘം' എന്ന ഐതിഹാസിക പ്രസ്ഥാനത്തിന്റെ രൂപീകരണത്തിനും പ്രവർത്തനങ്ങൾക്കും നിമിത്തമായി.

ഐക്യസംഘം മുന്നേറുകയും അന്ധവിശ്വാസത്തിന്റെയും അനാചാരങ്ങളുടെയും കോട്ടകൊത്തളങ്ങളെ കടന്നാക്രമിക്കുകയും അതോടൊപ്പം അതിന്റെ നേതാക്കൾ ഖിലാഫത്ത് സമരങ്ങളിൽ പങ്കെടുക്കുകയും ചെയ്തപ്പോൾ സംഘം പ്രവർത്തകരെ കുടുക്കുന്നതിനുവേണ്ടി ഐക്യസംഘത്തിനെതിരെ യാഥാസ്ഥിതികർ സർക്കാരിനു മുമ്പിൽ ധാരാളം പരാതികൾ നൽകുക പതിവായിരുന്നു. എന്നാൽ സംഘം പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും സംഘത്തിന്റെ നേതാക്കളെ ബഹുമാനിക്കുകയുമാണ് അധികൃതർ ചെയ്തത്. കെ.എം.മൗലവിയെക്കുറിച്ച് കെ.എം.മൗലവി സ്മരണികയിൽ ഇ.കെ.മൗലവി എഴുതിയ സംഭവം ഇതിനുദാഹരണമായി കാണാവുന്നതാണ്.

"ഇതിനിടക്ക് മലബാറിൽനിന്നുള്ള പൊലീസും പൊലീസുകാരുടെ ഏജന്റുമാരും അദ്ദേഹത്തെ കെണിയിൽ പെടുത്തുവാൻ തക്കം പാർത്തുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, അവരെല്ലാം പരാജിതരാകുകയാണുണ്ടായത്. കൊടുങ്ങല്ലൂരിലെ മുസ്‌ലിംകൾ മാത്രമല്ല, അമുസ്‌ലിംകളും മൗലവിയുടെ രക്ഷക്കുവേണ്ടി ജീവൻ ബലിയർപ്പിക്കാൻ പോലും തയ്യാറായിരുന്നു. ഒരു ഉദാഹരണം പറയാം. മലബാറിൽ നിന്നു ഒരു സബ് ഇൻസ്പെക്ടറും പാർട്ടിയും കൊടുങ്ങല്ലൂരിൽ വന്നിട്ടുണ്ടെന്നും അവരുടെ ഉന്നം കെ.എം.മൗലവിയാണെന്നും വിവരം കിട്ടിയതനുസരിച്ചു പലരും പോലീസ് സ്റ്റേഷൻ പരിസരത്തിലെത്തി. മലബാറിൽനിന്നു വന്ന സബ് ഇൻസ്പെക്ടറും പാർട്ടിയും അമ്പലനട



ഐക്യസംഘം മുന്നേറുകയും അന്ധവിശ്വാസത്തിന്റെയും അനാചാരങ്ങളുടെയും കോട്ടകൊത്തളങ്ങളെ കടന്നാക്രമിക്കുകയും അതോടൊപ്പം അതിന്റെ നേതാക്കൾ ഖിലാഫത്ത് സമരങ്ങളിൽ പങ്കെടുക്കുകയും ചെയ്തപ്പോൾ സംഘം പ്രവർത്തകരെ കുടുക്കുന്നതിനുവേണ്ടി ഐക്യസംഘത്തിനെതിരെ യാഥാസ്ഥിതികർ സർക്കാരിനു മുമ്പിൽ ധാരാളം പരാതികൾ നൽകുക പതിവായിരുന്നു. എന്നാൽ സംഘം പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും സംഘത്തിന്റെ നേതാക്കളെ ബഹുമാനിക്കുകയുമാണ് അധികൃതർ ചെയ്തത്. കെ.എം.മൗലവിയെക്കുറിച്ച് കെ.എം.മൗലവി സ്മരണികയിൽ ഇ.കെ.മൗലവി എഴുതിയ സംഭവം ഇതിനുദാഹരണമായി കാണാവുന്നതാണ്.

ക്കൽ നിൽക്കുന്നതായി കണ്ടു. ഉടനെ കെ.സി.കൃഷ്ണൻകുട്ടി മേനോൻ എന്നൊരാൾ ഇൻസ്പെക്ടറുടെ അടുത്ത് ചെന്നു. 'നിങ്ങൾ ഇവിടെ എന്തു ഉദ്ദേശ്യത്തോടുകൂടിയാണ് വന്നിട്ടുള്ളത്' എന്ന് ചോദിച്ചു. 'ഞങ്ങൾക്ക് ഇവിടെ ഒരാളെ പിടികിട്ടേണ്ടതുണ്ടായിരുന്നു, അത് സാധിക്കുകയും ചെയ്തു' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. മേനോൻ പറഞ്ഞു: 'നിങ്ങൾ തയ്യിൽ മുഹമ്മദ്കുട്ടി മുസ്‌ലിയാരെ പിടിക്കുവാൻ വന്നതാണെന്നു കരുതിയാണ് ഞാൻ ചോദിച്ചത്. ഇവിടുത്തെ മുസ്‌ലിംകളെ പ്പറ്റി ഞാനൊന്നും അറിയുകയില്ല. എന്നാൽ ഇവിടുത്തെ ഹിന്ദുക്കളുടെ ശവശരീരത്തിൽ ചവിട്ടിക്കൊണ്ടല്ലാതെ നിങ്ങൾക്ക് അദ്ദേഹത്തെ അറസ്റ്റു ചെയ്യുവാൻ സാധിക്കുകയില്ലെന്നു ഞാൻ തീർത്തു പറയുന്നു.'

ഇൻസ്പെക്ടർ: 'അദ്ദേഹം ഇവിടെയുണ്ടെന്ന് ഞങ്ങൾക്കറിയാം. എന്നാൽ അദ്ദേഹത്തെ പിടിക്കുവാൻ ഞങ്ങൾക്കുദ്ദേശ്യമില്ല. അതിന് ഞങ്ങൾ വന്നിട്ടുമില്ല.'

ഇതിൽനിന്നു മനസ്സിലാക്കാം; കൊടുങ്ങല്ലൂരിലെ മുസ്‌ലിംകളും അമുസ്‌ലിംകളും മൗലവി സാഹിബിനെ എത്രമാത്രം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നുവെന്ന്. കൊടുങ്ങല്ലൂരിൽ മാത്രമല്ല, കൊച്ചി സ്റ്റേറ്റിലും തിരുവിതാംകൂറിലും മുസ്‌ലിംകളും അമുസ്‌ലിംകളുമായ അനേകം സുഹൃത്തുക്കൾ അദ്ദേഹത്തിനുണ്ടായിരുന്നു."[67]

ഐക്യസംഘത്തിനെതിരെയും ഐക്യസംഘം നേതാക്കൾക്കെതിരെയും ഒട്ടേറെ പരാതികൾ അധികൃതർക്ക് ലഭിച്ചിരുന്നെങ്കിലും അധികൃതർ അവ വിശ്വസിക്കുകയോ കണക്കിലെടുക്കുകയോ ചെയ്തില്ല എന്നു മാത്രമല്ല, നേതാക്കളെ അവർ അങ്ങേയറ്റം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു എന്ന് വ്യക്തമാക്കുന്നതാണ് ഈ സംഭവം.

മാർഷൽ ലോ പിൻവലിക്കുകയും കെ.എം.മൗലവിയെ കുറ്റവിമുക്തനാക്കുകയും ചെയ്തതിനു ശേഷമാണ് എം.സി.സി. അഹ്മദ് മൗലവിയെയും അബ്ദുറഹ്മാൻ മൗലവിയെയും ഉപരിപഠനത്തിനായി വേലൂർ ബാഖിയാത്തുസ്സ്വാലിഹാത്തിലേക്ക് അയക്കുന്നത്. അക്കാര്യം ഇ.കെ. മൗലവി വിശദീകരിക്കുന്നത് ഇങ്ങനെ:

"മാർഷൽ ലോ പിൻവലിക്കുകയും പോലീസ്‌രാജ് നിലവിൽ വരികയും ചെയ്തു. തങ്ങളുടെ അന്വേഷണത്തിൽ മൗലവി സാഹിബിന്റെ പേരിൽ ഗുരുതരങ്ങളായ ചാർജ്ജുകളുള്ളതായിട്ടാണറിഞ്ഞത്. പരേതനായ ടി.കെ.മൗലവി ലഹള തുടങ്ങുന്നതിനു മുമ്പുതന്നെ കൊടുങ്ങല്ലൂരിലുണ്ടായിരുന്നു. തിരൂരങ്ങാടിയിൽനിന്ന് കെ എം. മൗലവിയുടെ ഭാര്യയേയും കൊടുങ്ങല്ലൂർക്ക് കൊണ്ടുവന്നു. എം.സി.സിയുടെ സഹോദരന്മാരുടെ പേരിൽ കേസൊന്നുമുണ്ടായിരുന്നില്ല".

എം.സി.സി. സഹോദരന്മാരുടെ വിദ്യാഭ്യാസ വിഷയത്തിലാണ് ഞങ്ങളുടെ ശ്രദ്ധ പതിഞ്ഞത്. ഹസൻ മൗലവി നന്നെ ചെറുപ്പമായിയിരുന്നു അന്ന്. അതിനാൽ അഹമ്മദ് മൗലവിയേയും അബ്ദുറഹിമാൻ മൗലവിയേയും ഞങ്ങൾ വേലൂരിലേക്കയച്ചു. അന്ന് അബ്ദുൽ ജബ്ബാർ ഹസ്രതായിരുന്നു ബാഖിയാത്തിലെ പ്രിൻസിപ്പാൾ. എം.സി.സി. സഹോദരന്മാരുടെ പിതാവും അദ്ദേഹവുമായി മുമ്പുതന്നെ പരിചയമുണ്ട്. എം.സി.സി. സഹോദരന്മാർ അവിടെ ചേർന്ന ശേഷമാണ് മലയാളികളായ വിദ്യാർഥികളുടെ ഇടയിൽ ഉത്സാഹവും ഉന്മേഷവുമുണ്ടായിത്തീർന്നത്. മലയാളി വിദ്യാർഥികളുടെ ഒരു സംഘം തന്നെ അവർ അവിടെ സ്ഥാപിച്ചു. പരേതനായ പറവണ്ണ മൊയ്തീൻകുട്ടി മൗലവിയും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു."[68]

*അവലംബം:*

*64. ഇ.കെ.മൗലവി തെരഞ്ഞെടുത്ത കൃതികൾ, യുവത ബുക്ക് ഹൗസ്, പേജ് 17.*

*65. എം.സി.സി. അബ്ദുറഹ്റമാൻ മൗലവി സ്മരണികയിൽ ഇ.കെ. മൗലവി എഴുതിയ ലേഖനം.*

*66. എം.സി.സി. അബ്ദുറഹ്റമാൻ മൗലവി സ്മരണികയിൽ ഇ.കെ. മൗലവി എഴുതിയ ലേഖനം.*

*67. കെ.എം.മൗലവി സ്മരണിക-ഇ. കെ.മൗലവിയുടെ ലേഖനം.*

*68. എം.സി.സി. അബ്ദുറഹ്മാൻ മൗലവി സ്മരണികയിൽ ഇ.കെ. മൗലവി എഴുതിയ ലേഖനം.*

*(തുടരും)*

ഉമ്മു മിസ്‌യാൽ മൊറയൂർ




# മുഹമ്മദ് നബി(സ്വ)യുടെ സമുദായത്തിന്റെ ശ്രേഷ്ഠതകൾ

02

നബി(സ്വ) പറയുന്നു: "ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും ഈ ഉമ്മത്തിന്റെയും ഉദാഹരണം ഒരു മനുഷ്യനെ പോലെയാണ്. അയാൾ കുറച്ചു ജോലിക്കാരെ കൂലിക്ക് വിളിച്ചു. എന്നിട്ട് അയാൾ ചോദിച്ചു: 'ഒരു ഖീറാത്തിന് രാവിലെ മുതൽ ഉച്ചവരെ നിങ്ങളിൽ ആരാണ് ജോലിയെടുക്കുക?' ജൂതന്മാർ രാവിലെ മുതൽ ഉച്ചവരെ പണിയെടുത്തു. എന്നിട്ട് വീണ്ടും അയാൾ ചോദിച്ചു: 'ഉച്ചമുതൽ അസ്റിന്റെ സമയംവരെ നിങ്ങളിൽ ആരാണ് ഒരു ഖീറാത്തിന് പണിയെടുക്കുക?' ക്രിസ്ത്യാനികൾ അസ്റിന്റെ സമയംവരെ പണിയെടുത്തു. 'അസ്റ് മുതൽ സൂര്യൻ അസ്തമിക്കുന്നതുവരെ രണ്ട് ഖീറാത്തിന് ആരാണ് പണിയെടുക്കുക?'

ശേഷം പ്രവാചകൻ(സ്വ) പറഞ്ഞു: 'അവരാണ് നിങ്ങൾ. കുറച്ചു സമയമേ നിങ്ങൾക്കുള്ളൂ; കൂടുതൽ കൂലിയും.' ഇത് കേട്ടപ്പോൾ ജൂതന്മാരും ക്രിസ്ത്യാനികളും ദേഷ്യത്തോടെ ചോദിച്ചു: 'ഞങ്ങൾക്ക് കൂടുതൽ ജോലിയും കുറവ് കൂലിയും?'

'നിങ്ങൾക്ക് അർഹമായി കിട്ടേണ്ട കൂലിയിൽ നിന്ന് നിങ്ങൾക്ക് എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ' എന്ന് അല്ലാഹു അവരോട് ചോദിച്ചു.

അവർ പറഞ്ഞു: 'ഇല്ല. പക്ഷേ, അവർക്ക് കൂടുതൽ കൂലി കൊടുത്തല്ലോ!'

അതിന് അല്ലാഹു പറഞ്ഞ മറുപടി: 'അത് എന്റെ ഔദാര്യമാണ്, ആ ഔദാര്യം ഞാൻ ഉദ്ദേശിക്കുന്ന ആളുകൾക്ക് ഞാൻ കൊടുക്കും' (ബുഖാരി).

5 നേരം നമസ്കരിച്ച ഒരാൾക്ക് 50 നേരം നമസ്കരിച്ച പുണ്യമാണ് എന്ന് ഹദീസിൽ കാണാം. ഒരു നന്മക്ക് പത്ത് പ്രതിഫലമാണ് ഈ ഉമ്മത്തിന് നൽകപ്പെടുന്നത്. കുറഞ്ഞ പണി, കൂടുതൽ പ്രതിഫലം! അപ്രകാരം, ആദ്യമായി വിചാരണക്കെടുക്കപ്പെടുന്നതും സ്വിറാത്ത് പാലത്തിലൂടെ ആദ്യമായി കടക്കുന്നതും ഈ ഉമ്മത്തായിരിക്കും എന്നും നബി(സ്വ) അറിയിച്ചിട്ടുണ്ട്"(സ്വഹീഹു തർഗീബ്).

യുദ്ധത്തിൽ കിട്ടുന്ന ഗനീമത്ത് സ്വത്തുക്കൾ എടുക്കാനുള്ള അവകാശം ഈ ഉമ്മത്തിന്റെ മാത്രം പ്രത്യേകതയാണ്. മുൻകഴിഞ്ഞ സമുദായങ്ങളിൽ യുദ്ധം നടന്നാൽ ഗനീമത്ത് സ്വത്ത് ഒരു ഭാഗത്ത് ഒരുമിച്ച് കൂട്ടിയിടുകയും, ആകാശലോകത്തുനിന്ന് ഒരു തീനാളം വന്നുകൊണ്ട് പ്രസ്തുത ഗനീമത്ത് സ്വത്തുക്കൾ നശിപ്പിക്കുകയുമായിരുന്നു ഉണ്ടായിരുന്നത്.

മുമ്പത്തെ സമുദായങ്ങളെക്കാളും നിരവധി പ്രത്യേകതകളും ശ്രേഷ്ഠതകളും ഉള്ള ഒരു സമുദായത്തി

ലെ അംഗമാവാൻ അല്ലാഹു നമുക്ക് ഭാഗ്യം നൽകിയിരിക്കയാണ്. എന്നാൽ എത്ര പേർ ഈ മഹത്ത്വം തിരിച്ചറിയുന്നുണ്ട്? ഈ വിഷയത്തിൽ നമുക്ക് വേണ്ട ആത്മാഭിമാനം നമ്മൾ കരസ്ഥമാക്കിയോ എന്നതും ചിന്തിക്കേണ്ടതാണ്.

ഇതര സമുദായങ്ങളുടെ ശിർക്കും കുഫ്‌റും നിറഞ്ഞ ആഘോഷങ്ങൾ വരുമ്പോൾ അതിൽ സന്തോഷിക്കാനും നൃത്തമാടാനും അതിന് വേണ്ടി പണം ചെലവഴിക്കാൻ മൽസരിക്കാനും ഈ ഉത്തമ സമൂഹത്തിലെ അംഗങ്ങൾ കാണിക്കുന്ന ഊറ്റം കാണുമ്പോൾ വലിയ പ്രയാസമാണ് തോന്നുന്നത്.

വിശ്വാസികളുടെ വിശേഷണമായി പ്രമാണങ്ങൾ പഠിപ്പിച്ച കാര്യമാണ്, ശിർക്കിനെയും കുഫ്‌റിനെയും സംബന്ധിച്ച് വിശ്വാസികളുടെ ഹൃദയത്തിൽ ഉണ്ടാവുന്ന വെറുപ്പും വിശ്വാസത്തോടും ഈമാനിനോടും ഉണ്ടാവുന്ന ഇഷ്ടവും സ്നേഹവും. അല്ലാഹു പറയുന്നു:

“എങ്കിലും അല്ലാഹു നിങ്ങൾക്ക് സത്യവിശ്വാസത്തെ പ്രിയങ്കരമാക്കിത്തീർക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ അത് അലംകൃതമായി തോന്നിക്കുകയും ചെയ്തിരിക്കുന്നു. അവിശ്വാസവും അധർമവും അനുസരണക്കേടും നിങ്ങൾക്കവൻ അനിഷ്ടകരമാക്കുകയും ചെയ്തിരിക്കുന്നു. അങ്ങനെയുള്ളവരാകുന്നു നേർമാർഗം സ്വീകരിച്ചവർ” (ഹുജുറാത്ത്:7).

എന്നാൽ സങ്കടകരമെന്ന് പറയട്ടെ, സമൂഹത്തിൽ നിലവിലുള്ള ഏത് തിന്മയെടുത്താലും മുസ്‌ലിം സമൂഹത്തിലെ അംഗങ്ങൾ അതിൽ ഉണ്ടാവും! മദ്യപാനം, മയക്കുമരുന്ന്, സ്വവർഗവിവാഹം എന്നിവയിലടക്കം സമുദായത്തിന്റെ മക്കൾ ചെന്നകപ്പെട്ടിരിക്കുന്നു!

നന്മയുടെ വഴികൾ എത്രതന്നെ കണ്ടാലും ആ വഴികളെ അവർ കണ്ട ഭാവം ഉണ്ടാവില്ല. തിന്മയുടെ വഴിയാണെങ്കിലോ, അത് ആവേശപൂർവം സ്വീകരിക്കും! അല്ലാഹു പറഞ്ഞത് എത്ര സത്യം:

“ന്യായം കൂടാതെ ഭൂമിയിൽ അഹങ്കാരം നടിച്ചുകൊണ്ടിരിക്കുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് ഞാൻ തിരിച്ചുകളയുന്നതാണ്. എല്ലാ ദൃഷ്ടാന്തവും കണ്ടാലും അവരതിൽ വിശ്വസിക്കുകയില്ല. നേർമാർഗം കണ്ടാൽ അവർ അതിനെ മാർഗമായി സ്വീകരിക്കുകയില്ല. ദുർമാർഗം കണ്ടാൽ അവരത് മാർഗമായി സ്വീകരിക്കുകയും ചെയ്യും. നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർ നിഷേധിച്ച് തള്ളുകയും അവയെപ്പറ്റി അവർ അശ്രദ്ധരായിരിക്കുകയും ചെയ്തതിന്റെ ഫലമാണത്” (അഅ്‌റാഫ്:146).

വിശ്വാസവും സൽപ്രവൃത്തികളും നിലനിർത്തിയാൽ മാത്രമെ ഈ ഉമ്മത്തിനെ അല്ലാഹു നിലനിർത്തുകയുള്ളൂ. അവ വിനഷ്ടമാവുന്ന വേളകളിൽ റബ്ബിന്റെ ശിക്ഷ വന്ന് സമൂഹം ശിക്ഷിക്കപ്പെടുന്ന അവസ്ഥയുണ്ടാവും. അതിന് ഉദാഹരണമാണ് ആധുനിക സ്പെയിൻ!

ഒരു കാലത്ത് ഇസ്‌ലാമിന്റെ പ്രതാപ ഭൂമിയായായിരുന്നു സ്പെയിൻ! എണ്ണമറ്റ ഇമാമുകൾ, നൂറുകണക്കിന് ഗ്രന്ഥശാലകൾ, ലക്ഷക്കണക്കിന് ഗ്രന്ഥങ്ങൾ, ആയിരക്കണക്കിന് പള്ളികൾ...! പക്ഷേ, ഇന്നത്തെ അവസ്ഥ നോക്കുക, എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു! മുസ്‌ലിം സമൂഹം ദീനിനെ കളഞ്ഞു കുളിച്ചത് കാരണം അല്ലാഹു അവരുടെ ദുൻയാവിനെയും അവരിൽ നിന്ന് തടഞ്ഞു! ഇക്കാര്യം ഇബ്നു കസീർ(റഹ്) തന്റെ പ്രസിദ്ധ ചരിത്ര ഗ്രന്ഥമായ ‘അൽബിദായ വന്നിഹായ’യിൽ പരാമർശിക്കുന്നുണ്ട്.

മുസ്‌ലിംകൾ പ്രതാപത്തോടെ ജീവിച്ച കാലത്ത് ക്രിസ്ത്യാനികൾക്ക് മുസ്‌ലിംകളെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. പക്ഷേ, മുസ്‌ലിംകൾ ദീനിൽനിന്ന് മെല്ലെ മെല്ലെ അകന്നു പോയപ്പോൾ അവരുടെ പള്ളികൾ പിടിക്കപ്പെടുകയും ചർച്ചാക്കപ്പെടുകയും ചെയ്തു. അവിടെയുള്ള ഇസ്‌ലാമിക ഗ്രന്ഥാലയങ്ങൾ നശിപ്പിക്കപ്പെട്ടു. പണ്ഡിതന്മാർ വധിക്കപ്പെടുകയും ചെയ്തു. അവസാനം ഇസ്‌ലാമിന്റെ മുഴുവൻ ചിഹ്നങ്ങളും ആ രാജ്യത്തുനിന്ന് തുടച്ചുനീക്കപ്പെട്ടു. അങ്ങനെ ക്രിസ്ത്യൻ രാജ്യമായി അത് മാറ്റപ്പെടുകയുണ്ടായി. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? ഇസ്‌ലാമിന്റെ ആളുകൾ ഇസ്‌ലാമിൽ നിന്ന് മെല്ലെ മെല്ലെ അകന്നു പോയി. അവർ മറ്റുള്ളവരുടെ സംസ്കാരം ഏറ്റെടുത്തു. അപ്പോൾ അല്ലാഹു ആ സമൂഹത്തെ ശിക്ഷിച്ചു.

ഇതിൽനിന്നെല്ലാം നമുക്ക് പാഠം ഉൾക്കൊള്ളാനുണ്ട്. ഇസ്‌ലാമിന്റെ പ്രമാണങ്ങളോടും ചിഹ്നങ്ങളോടും ചേർന്നു നിൽക്കാതെയായാൽ പ്രവാചകൻ പറഞ്ഞതുപോലെ അവർ മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോകുന്ന ചണ്ടികളാവും. പ്രവാചകന്റെ കാലത്ത് പരീക്ഷണങ്ങളും പ്രയാസങ്ങളും ഉണ്ടായപ്പോഴും അവർ ഇസ്‌ലാമിന്റെ പ്രമാണങ്ങളെ ചേർത്തുവച്ചതുകൊണ്ടാണ് അവർക്ക് പ്രതാപമുണ്ടായത്.

നമ്മൾ ജീവിക്കുന്ന സമുദായത്തിൽ ഇസ്‌ലാമിന്റെ മോഡലുകൾ ആവാനാണ് നമ്മൾ ശ്രമിക്കേണ്ടത്. അല്ലാതെ മറ്റുള്ളവരുടെ ആചാരങ്ങളും രീതികളും എടുത്തണിയുകയല്ല വേണ്ടത്. ഇതൊക്കെ പിശാചിന്റെയും അവന്റെ കൂട്ടാളികളുടെയും ശ്രമമാണെന്ന് നാം മനസ്സിലാക്കണം. അല്ലെങ്കിൽ ഇസ്‌ലാം നമ്മിൽനിന്ന് അകന്നു പോകും. അത് നമ്മുടെ നാടിനും സമുദായത്തിനും വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ■



ലേഖനം

സലീം പട്‌ല
: 9496484611

# എന്തുകൊണ്ട് ഇടയാളന്മാരില്ലാതെ അല്ലാഹുവോട് പ്രാർഥിക്കണം?

32) വിശുദ്ധ ക്വുർആനിലെ ആറായിരത്തിലധികം വരുന്ന വചനങ്ങളിലെവിടെയും അല്ലാഹു അല്ലാത്തവരോടുള്ള പ്രാർഥനയുടെ സൂചന പോലുമില്ല.

33) റബ്ബനാ (ഞങ്ങളുടെ രക്ഷിതാവേ), റബ്ബീ (എന്റെ രക്ഷിതാവേ), അല്ലാഹുമ്മ (അല്ലാഹുവേ) എന്നിങ്ങനെ സ്രഷ്ടാവിനെ വിളിച്ചുകൊണ്ടല്ലാതെ; യാ നബീ, യാ ശൈഖ്, യാ വലിയ്യ്, യാ ശുഹദാഹ്, യാ മലക്ക്, യാ ജിന്ന് എന്നിങ്ങനെ സൃഷ്ടികളെ വിളിച്ചുകൊണ്ടുള്ള ഒരൊറ്റ ദുആയും വിശുദ്ധ ക്വുർആനിലില്ല.

34) രാവിലെ ഉണർന്നതു മുതൽ രാത്രി ഉറങ്ങുന്നതുവരെ, ജനനം മുതൽ മരണം വരെ, വിവിധ സന്ദർഭങ്ങളിലും സമയങ്ങളിലും ആരാധനകളിലും അനുഷ്ഠാനങ്ങളിലുമായി, മുഹമ്മദ് റസൂലുല്ലാഹി(സ്വ) ചെയ്തുകാണിച്ച് നമുക്ക് പഠിപ്പിച്ചു തന്ന പ്രാർഥനകൾ ധാരാളമുണ്ട്. അതിലെവിടെയും അല്ലാഹു അല്ലാത്തവരോടുള്ള തേട്ടമില്ല.

35) വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും വന്ന പ്രാർഥനകളെല്ലാം അല്ലാഹുവോടു നേരിട്ടുള്ളതും അവനോടു മാത്രമുള്ളതുമാണ്. അതിൽ ഇടയാളൻമാരോ മധ്യവർത്തികളോ ഇല്ല. ആരുടെയും 'ഹഖും ജാഹും ബർക്കത്തും' പറഞ്ഞുകൊണ്ടുള്ളതോ 'ഇലാ ഹദ്റത്തി' വിളിച്ചുകൊണ്ടുള്ളതോ ഇല്ല!

36) അല്ലാഹു അല്ലാത്തവരോട് ഒരിക്കലും പ്രാർഥിക്കരുതെന്നാണ് അല്ലാഹുവിന്റെ കൽപന. കാരണം അവർക്ക് പ്രാർഥന കേൾക്കാനോ ഉത്തരം ചെയ്യാനോ (35:14),(13:14) സഹായിക്കാനോ (7:197) ഒരിക്കലും കഴിയില്ല. അവർ അല്ലാഹുവിന്റെ അടിമകളും (7:194) മരിച്ചവരും ജീവനില്ലാത്തവരും (16:20,21) പ്രാർഥനയെക്കുറിച്ച് അശ്രദ്ധരായവരുമാണ്. പരലോകത്തുവച്ച് അവർ പ്രാർഥിച്ചവരുടെ ശത്രുക്കളാകുമെന്നും (46:5,6) അല്ലാഹു പറയുന്നു.

37) ആരെയാണോ വിളിച്ച് പ്രാർഥിക്കുന്നത് അവർ പോലും അല്ലാഹുവിലേക്ക് കൂടുതൽ അടുക്കാൻ ശ്രമിക്കുന്നവരും അല്ലാഹുവിന്റെ കാരുണ്യം കൊതിക്കുന്നവരും ശിക്ഷ ഭയക്കുന്നവരുമാണ്. ദുരിതം തട്ടിമാറ്റാനോ ഉപദ്രവം ദൂരീകരിക്കാനോ അവർക്കു കഴിയില്ല. ഒന്നിനും

> വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും വന്ന പ്രാർഥന കളെല്ലാം അല്ലാഹുവോടു നേരിട്ടുള്ളതും അവനോടു മാത്ര മുള്ളതുമാണ്. അതിൽ ഇടയാളൻമാരോ മധ്യവർത്തികളോ ഇല്ല. ആരുടെയും 'ഹഖും ജാഹും ബർക്കത്തും' പറഞ്ഞു കൊണ്ടുള്ളതോ 'ഇലാ ഹദ്റത്തി' വിളിച്ചുകൊണ്ടുള്ളതോ ഇല്ല! അല്ലാഹു അല്ലാത്തവരോട് ഒരിക്കലും പ്രാർഥിക്കരു തെന്നാണ് അല്ലാഹുവിന്റെ കൽപന. കാരണം അവർക്ക് പ്രാർഥന കേൾക്കാനോ ഉത്തരം ചെയ്യാനോ സഹായി ക്കാനോ ഒരിക്കലും കഴിയില്ല. അവർ അല്ലാഹുവിന്റെ അടിമകളും മരിച്ചവരും ജീവനില്ലാത്തവരും പ്രാർഥനയെ ക്കുറിച്ച് അശ്രദ്ധരായവരുമാണ്. പരലോകത്തുവച്ച് അവർ പ്രാർഥിച്ചവരുടെ ശത്രുക്കളാകുമെന്നും അല്ലാഹു പറയുന്നു.

ഒരു മാറ്റവും വരുത്താൻ അവർക്ക് കഴിയില്ല (17:56). മാത്രമല്ല വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ ഉപദ്രവം നീക്കം ചെയ്യാനോ വല്ല അനുഗ്രഹവും ചെയ്യുവാൻ അല്ലാഹു ഉദ്ദേശിച്ചാൽ അനുഗ്രഹം പിടിച്ചുവയ്ക്കാനോ അവർക്ക് ഒരിക്കലും സാധ്യമല്ലെന്ന് (39:38) വിശുദ്ധ ക്വുർആൻ പ്രഖ്യാപിക്കുന്നു.

38) അല്ലാഹുവിന് പുറമെ ആരോട് പ്രാർഥിക്കുന്നുവോ അവർ ഒരു ഈച്ചയെ പോലും സൃഷ്ടിച്ചിട്ടില്ലെന്നും ഈച്ച അവരിൽനിന്ന് വല്ലതും തട്ടിയെടുത്താൽ തിരിച്ചെടുക്കാൻ പോലും കഴിയാത്ത ദുർബലരും ബലഹീനരുമാണ് അവരെന്നും (22:73) ഈത്തപ്പഴക്കുരുവിന്റെ പാട പോലും (35:13) അണുമണിത്തൂക്കം പോലും (34:22) ഉടമപ്പെടുത്താത്തവരാണെന്നാണ് വിശുദ്ധ ക്വുർആനിന്റെ ഖണ്ഡിതമായ പ്രഖ്യാപനം.

39) അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്നവർക്ക് തെളിവുകളോ പ്രമാണമോ ഇല്ലെന്നും (23:117) അല്ലാഹുവിലേക്കുള്ള ഇടയാളരും (39:3) ശുപാർശകരുമാണെന്നുള്ള (10:18) വാദം വെറും പറച്ചിൽ മാത്രമാണെന്നും ഊഹങ്ങളും കളവുകളുമാണ് അവരുടെ തെളിവുകളെന്നും (10:66) അല്ലാഹു നമുക്ക് പറഞ്ഞു തരുന്നു.

40) അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കുന്നവരാണ് ഏറ്റവും പിഴച്ചവരും (46:4,5) വലിയ അക്രമിയുമെന്നും (10:106) അല്ലാഹു അല്ലാത്തവരോടുള്ള പ്രാർഥനയാണ് നഷ്ടത്തിലായതും (13:14) വഴികേടിലുമായതുമെന്നുമാണ് (22:12) വിശുദ്ധ ക്വുർആൻ അറിയിക്കുന്നത്.

41) പൊറുക്കപ്പെടാത്ത അപരാധവും (4:48,116) ചെയ്ത സൽകർമങ്ങളുടെ ഫലം നഷ്ടപ്പെടുത്തുന്ന മഹാപാപവും (39:65) ഏറ്റവും വലിയ അക്രമവും (31:13) സ്വർഗപ്രവേശനം ഹറാമാക്കുന്ന തിന്മയുമാണ് ശിർക്ക് അഥവാ അല്ലാഹുവിൽ പങ്കു ചേർക്കലെന്നും (3:72) അല്ലാഹു അല്ലാത്തവരോടുള്ള പ്രാർഥന ശിർക്കാണെന്നും (35:14,15) ശിർക്ക് ചെയ്തവരുടെ വീട് കത്തിയെരിയുന്ന നരകമാണെന്നും (3:72) അല്ലാഹു നമ്മെ ഉണർത്തുന്നു.

എന്തുകൊണ്ട് പ്രാർഥന അല്ലാഹു അല്ലാത്തവരോട് പാടില്ല എന്ന് അനേകം ആയത്തുകളിലൂടെ നാം മനസ്സിലാക്കി. അതിനാൽ ദുആയും ഇസ്തിഗാസയും ഇസ്തിഗ്ഫാറും അടക്കമുള്ള, ആരാധനയുടെ എല്ലാ രൂപങ്ങളും ഏറ്റവും അടുത്തവനും (2:186), (50:16) ഹൃദയങ്ങളിലുള്ളതും മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കുന്നതും നന്നായി അറിയുന്നവനും (67:13), (50:16), പ്രാർഥന കേൾക്കുന്നവനും (14:39), (3:37), പ്രാർഥനക്ക് ഉത്തരം നൽകുന്നവനും (11:61), കഷ്ടപ്പെടുന്നവന്റെ വിളി കേൾക്കുന്നവനുമായ (27:62) അല്ലാഹുവോട് മാത്രമായിരിക്കണം.

എന്തിനാണ് ഇടയാളൻമാർ മുഖേന അല്ലാഹുവിനോട് തേടുന്നത്? അല്ലാഹുവിനെ മനസ്സിലാക്കേണ്ടതു പ്രകാരം മനസ്സിലാക്കാത്തതാണ് പ്രശ്നം. അല്ലാഹു അവന്റെ സൃഷ്ടികളെ പോലെയല്ല.

അല്ലാഹു രോഗം സുഖപ്പെടുത്തുന്നവനാണ്: "എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്"(26:80).

അല്ലാഹു ഉപജീവനം നൽകുന്നവനാണ്: "തീർച്ചയായും അല്ലാഹുതന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും"(51:58)

അല്ലാഹു പാപങ്ങൾ പൊറുക്കുന്നവനാണ്: "...തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻതന്നെയാകുന്നു ഏറെ

പൊറുക്കുന്നവനും കരുണാനിധിയും"(39:53).

അല്ലാഹു മക്കളെ നൽകുന്നവനാണ്: "അല്ലാഹുവിന്നാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളെയും പ്രദാനം ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തികൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു" (42:49,50).

അല്ലാഹു നേർമാർഗത്തിലേക്ക് നയിക്കുന്നവനാണ്: "അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അത് മുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽ നിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു"(5:16).

അല്ലാഹു സമാധാനം നൽകുന്നവനാണ്: "താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. രാജാധികാരമുള്ളവനും പരമപരിശുദ്ധനും സമാധാനം നൽകുന്നവനും അഭയം നൽകുന്നവനും മേൽനോട്ടം വഹിക്കുന്നവനും പ്രതാപിയും പരമാധികാരിയും മഹത്ത്വമുള്ളവനും ആകുന്നു അവൻ. അവർ പങ്കുചേർക്കുന്നതിൽനിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധൻ!"(59:23).

അല്ലാഹു സമ്പത്തും സന്താനങ്ങളും നൽകുന്നവനാണ്: "സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികൾ ഉണ്ടാക്കിത്തരികയും ചെയ്യും"(71:12).

അല്ലാഹു 'എന്നോട് പ്രാർഥിക്കൂ; ഞാൻ ഉത്തരം നൽകാം' എന്ന് വാഗ്ദാനം ചെയ്തവനാണ്: "... പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. .."(2:186).

അല്ലാഹു നമ്മെ ഏറെ സ്നേഹിക്കുന്നവനാണ്: "നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ കരുണയുള്ളവനും ഏറെ സ്നേഹമുള്ളവനുമത്രെ"(11:90).

അല്ലാഹു അടിമക്ക് മതിയായവനാണ്, അവനിലാണ് ഭരമേൽപിക്കേണ്ടത്: "തന്റെ ദാസന്ന് അല്ലാഹു മതിയായവനല്ലയോ? അവന്ന് പുറമെയുള്ളവരെപറ്റി അവർ നിന്നെ പേടിപ്പിക്കുന്നു. വല്ലവനെയും അല്ലാഹു പിഴവിലാക്കുന്നപക്ഷം അവന്ന് വഴികാട്ടാൻ ആരുമില്ല"(39/36)

അല്ലാഹു നമ്മുടെ കൂടെയുണ്ട്: "അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾ ഭയപ്പെടേണ്ട. തീർച്ചയായും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. ഞാൻ കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ട്"(20/46).

ഇങ്ങനെ സവിസ്തരം വിശുദ്ധ ഖുർആൻ പഠിപ്പിച്ചുതന്നിരിക്കെ പിന്നെ എന്തിനാണ് അല്ലാഹുവിലേക്ക് ഇടയാളന്മാരെ വെച്ചും അല്ലാഹു അല്ലാത്തവരോട് ദുആയും ഇസ്തിഗാസയും നടത്തിയും നാം കുറ്റക്കാരാവുന്നത്? അതിനാൽ വിനയത്തോടും താഴ്മയോടും രഹസ്യമായും നാം അല്ലാഹുവിനോട് പ്രാർഥിക്കുക:" താഴ്മയോടുകൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുക. പരിധിവിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകതന്നെയില്ല"(7:55).

ഭയപ്പാടോടും പ്രതീക്ഷയോടും കൂടി പ്രാർഥിക്കുക: "...ഭയപ്പാടോടുകൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുക..."(7:56).

ആശിച്ചും പേടിച്ചും പ്രാർഥിക്കുക: "തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും ആശിച്ചുകൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു..."(21:90).

ആത്മാർഥതയോടെ പ്രാർഥിക്കുക: "...അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ കീഴ്വണക്കം അവന് നിഷ്കളങ്കമാക്കിക്കൊണ്ട് നിങ്ങൾ അവനോട് പ്രാർഥിക്കുക..."(40:65). അല്ലാഹുവിന്റെ ഉത്തമമായ നാമങ്ങൾകൊണ്ട് പ്രാർഥിക്കുക: "അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക..."(7:180).

അല്ലാഹുവോട് നേരിട്ട് പ്രാർഥിക്കുകയാണെങ്കിൽ നമ്മുടെ പ്രാർഥനക്ക് അല്ലാഹു ഉത്തരം ചെയ്യുക തന്നെ ചെയ്യും: "നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (40:60).

അല്ലാഹു വാക്കു പാലിക്കുന്നവനാണ്. നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കാതിരിക്കാൻ അവനോടു മാത്രം പ്രാർഥിക്കുക, ഇടയാളന്മാരോട് തേടി പാപികളാകാതിരിക്കുക.

# സൂറതുൽ ഫാത്വിർ
## (സ്രഷ്ടാവ്)

(മക്കയിൽ അവതരിച്ചത്)

അധ്യായം
35

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

هُوَ الَّذِي جَعَلَكُمْ خَلَائِفَ فِي الْأَرْضِ ۚ
فَمَنْ كَفَرَ فَعَلَيْهِ كُفْرُهُ ۖ وَلَا يَزِيدُ
الْكَافِرِينَ كُفْرُهُمْ عِنْدَ رَبِّهِمْ إِلَّا مَقْتًا ۖ
وَلَا يَزِيدُ الْكَافِرِينَ كُفْرُهُمْ إِلَّا خَسَارًا
(٣٩)

39. അവനാണ് നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കിയവൻ. ആകയാൽ വല്ലവനും അവിശ്വസിക്കുന്നപക്ഷം അവന്റെ അവിശ്വാസത്തിന്റെ ദോഷം അവന്നു തന്നെ. അവിശ്വാസികൾക്ക് അവരുടെ അവിശ്വാസം അവരുടെ രക്ഷിതാവിങ്കൽ കോപമല്ലാതൊന്നും വർധിപ്പിക്കുകയില്ല. അവിശ്വാസികൾക്ക് അവരുടെ അവിശ്വാസം നഷ്ടമല്ലാതൊന്നും വർധിപ്പിക്കുകയില്ല.

قُلْ أَرَأَيْتُمْ شُرَكَاءَكُمُ الَّذِينَ تَدْعُونَ
مِنْ دُونِ اللَّهِ أَرُونِي مَاذَا خَلَقُوا مِنَ
الْأَرْضِ أَمْ لَهُمْ شِرْكٌ فِي السَّمَاوَاتِ أَمْ
آتَيْنَاهُمْ كِتَابًا فَهُمْ عَلَىٰ بَيِّنَتٍ مِنْهُ ۚ
بَلْ إِنْ يَعِدُ الظَّالِمُونَ بَعْضُهُمْ بَعْضًا
إِلَّا غُرُورًا (٤٠) *

40. നീ പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്ന നിങ്ങളുടെ പങ്കാളികളെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ എന്തൊന്നാണവർ സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരിക. അതല്ല, ആകാശങ്ങളിൽ അവർക്ക് വല്ല പങ്കുമുണ്ടോ? അതല്ല, നാം അവർക്ക് വല്ല ഗ്രന്ഥവും നൽകിയിട്ട് അതിൽനിന്നുള്ള തെളിവനുസരിച്ചാണോ അവർ നിലകൊള്ളുന്നത്? അല്ല അക്രമകാരികൾ അന്യോന്യം വാഗ്ദാനം ചെയ്യുന്നത് വഞ്ചന മാത്രമാകുന്നു.

إِنَّ اللَّهَ يُمْسِكُ السَّمَاوَاتِ وَالْأَرْضَ أَنْ تَزُولَا ۚ
وَلَئِنْ زَالَتَا إِنْ أَمْسَكَهُمَا مِنْ أَحَدٍ مِنْ
بَعْدِهِ ۚ إِنَّهُ كَانَ حَلِيمًا غَفُورًا (٤١)

41. തീർച്ചയായും അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും (യഥാർഥ സ്ഥാനങ്ങളിൽനിന്ന്) നീങ്ങാതെ പിടിച്ചു നിർത്തുന്നു. അവ നീങ്ങിപ്പോകുകയാണെങ്കിൽ അവനു പുറമെ യാതൊരാൾക്കും അവയെ പിടിച്ചു നിർത്താനാവില്ല. തീർച്ചയായും അവൻ സഹനശീലനും ഏറെ പൊറുക്കുന്നവനുമാകുന്നു.

وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ لَئِنْ
جَاءَهُمْ نَذِيرٌ لَيَكُونُنَّ أَهْدَىٰ مِنْ
إِحْدَى الْأُمَمِ ۖ فَلَمَّا جَاءَهُمْ نَذِيرٌ مَا
زَادَهُمْ إِلَّا نُفُورًا (٤٢)

42. തങ്ങളുടെ അടുത്ത് ഒരു താക്കീതുകാരൻ വരുന്നപക്ഷം തങ്ങൾ ഏതൊരു സമുദായത്തെക്കാളും സൻമാർഗം സ്വീകരിക്കുന്നവരാകാമെന്ന് അവരെക്കൊണ്ട് സത്യം ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്ത് പറഞ്ഞു. എന്നാൽ ഒരു താക്കീതുകാരൻ അവരുടെ അടുത്ത് വന്നപ്പോൾ അത് അവർക്ക് അകൽച്ച മാത്രമെ വർധിപ്പിച്ചുള്ളൂ.

اسْتِكْبَارًا فِى الْأَرْضِ وَمَكْرَ السَّيِّئِ ۚ وَلَا يَحِيقُ الْمَكْرُ السَّيِّئُ إِلَّا بِأَهْلِهِ ۚ فَهَلْ يَنظُرُونَ إِلَّا سُنَّتَ الْأَوَّلِينَ ۚ فَلَن تَجِدَ لِسُنَّتِ اللَّهِ تَبْدِيلًا ۖ وَلَن تَجِدَ لِسُنَّتِ اللَّهِ تَحْوِيلًا ﴿٤٣﴾

43. ഭൂമിയിൽ അവർ അഹങ്കരിച്ചു നടക്കുകയും ദുഷിച്ച തന്ത്രം കൈക്കൊള്ളുകയും ചെയ്യുന്നതിനാലാണ് അത്. ദുഷിച്ച തന്ത്രം (അതിന്റെ ഫലം) അത് പ്രയോഗിച്ചവരിൽതന്നെയാണ് വന്നുഭവിക്കുക. അപ്പോൾ പൂർവികൻമാരുടെ കാര്യത്തിൽ ഉണ്ടായ നടപടിക്രമമല്ലാതെ എന്താണവർ കാത്തിരിക്കുന്നത്? അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു ഭേദഗതിയും നീ കണ്ടെത്തുകയില്ല. അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു മാറ്റവും നീ കണ്ടെത്തുകയില്ല.

أَوَلَمْ يَسِيرُوا فِى الْأَرْضِ فَيَنظُرُوا كَيْفَ كَانَ عَاقِبَةُ الَّذِينَ مِن قَبْلِهِمْ وَكَانُوا أَشَدَّ مِنْهُمْ قُوَّةً ۚ وَمَا كَانَ اللَّهُ لِيُعْجِزَهُ مِن شَيْءٍ فِى السَّمَاوَاتِ وَلَا فِى الْأَرْضِ ۚ إِنَّهُ كَانَ عَلِيمًا قَدِيرًا ﴿٤٤﴾

44. അവർ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് തങ്ങളുടെ മുൻഗാമികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കിയില്ലേ? അവർ ഇവരെക്കാൾ മികച്ച ശക്തിയുള്ളവരായിരുന്നു. ആകാശങ്ങളിലും ഭൂമിയിലുമുള്ള യാതൊന്നിനും അല്ലാഹുവെ തോൽപിക്കാനാവില്ല. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു.

وَلَوْ يُؤَاخِذُ اللَّهُ النَّاسَ بِمَا كَسَبُوا مَا تَرَكَ عَلَىٰ ظَهْرِهَا مِن دَابَّةٍ وَلَٰكِن يُؤَخِّرُهُمْ إِلَىٰ أَجَلٍ مُّسَمًّى ۖ فَإِذَا جَاءَ أَجَلُهُمْ فَإِنَّ اللَّهَ كَانَ بِعِبَادِهِ بَصِيرًا ﴿٤٥﴾

45. അല്ലാഹു മനുഷ്യരെ അവർ പ്രവർത്തിച്ചതിന്റെ പേരിൽ (ഉടനെത്തന്നെ) പിടിച്ച് ശിക്ഷിക്കുകയായിരുന്നുവെങ്കിൽ ഭൂമുഖത്ത് ഒരു ജന്തുവെയും അവൻ വിട്ടേക്കുകയില്ലായിരുന്നു. എന്നാൽ ഒരു നിശ്ചിത അവധിവരെ അവരെ അവൻ നീട്ടിയിടുന്നു. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ (അവർക്ക് രക്ഷപ്പെടാനാവില്ല). കാരണം, തീർച്ചയായും അല്ലാഹു തന്റെ ദാസൻമാരെപ്പറ്റി കണ്ടറിയുന്നവനാകുന്നു.

---

39). അല്ലാഹു അവന്റെ അറിവിനെയും കാരുണ്യത്തെയും കുറിച്ച് പറയുന്നു. അവർ പരസ്പരം പ്രതിനിധികളായിരിക്കണമെന്ന അവന്റെ മുൻനിശ്ചയം അതിൽ പെട്ടതാണ്. എല്ലാ സമുദായങ്ങൾക്കും മുന്നറിയിപ്പുകാരായി ദൂതന്മാരെ നിശ്ചയിച്ചതും അതിൽ പെടും; എന്നിട്ട് അവർ എന്തു പ്രവർത്തിക്കുന്നു എന്ന്. (ആകയാൽ വല്ലവനും അവിശ്വസിക്കുന്ന പക്ഷം) അല്ലാഹുവിനെയും അവന്റെ ദൂതന്മാരെയും അവിശ്വസിക്കുന്നവന് അവന്റെ അവിശ്വാസത്തിന്റെ ഫലവും പാപത്തിന്റെ ഭാരവും അതിന്റെ ശിക്ഷയും ചുമക്കേണ്ടി വരും. മറ്റൊരാളും അത് വഹിക്കില്ല. ഒരു അവിശ്വാസിക്ക് തന്റെ അവിശ്വാസത്തിന്റെ ഫലമായി തന്റെ രക്ഷിതാവിന്റെ കോപവും വെറുപ്പുമല്ലാതെ മറ്റൊന്നും അധികരിപ്പിക്കപ്പെടുന്നില്ല. ഔദാര്യവാനായ തന്റെ രക്ഷിതാവിന്റെ കോപത്തെക്കാൾ ഗൗരവമായത് മറ്റെന്താണുള്ളത്? (അവിശ്വാസികൾക്ക് അവരുടെ അവിശ്വാസം നഷ്ടമല്ലാതെ ഒന്നും വർധിപ്പിക്കുകയില്ല) അവർക്ക് തങ്ങളുടെ ശരീരങ്ങളെയും കുടുംബത്തെയും ഭവനങ്ങളെയും സ്വർഗത്തിൽ എത്താനാവാതെ നഷ്ടപ്പെടുന്നു. അപ്പോൾ, അവിശ്വാസിക്ക് എപ്പോഴും നഷ്ടവും നിർഭാഗ്യവും നിന്ദ്യതയും അല്ലാഹുവിന്റെ അടുക്കലും അവന്റെ സൃഷ്ടികളുടെ അടുക്കലും വർധിച്ചുകൊണ്ടേയിരിക്കും.

40). ബഹുദൈവാരാധകരുടെ ആരാധ്യരുടെ നിസ്സഹായതയും പോരായ്മയും അവരെ അല്ലാഹുവിന് പങ്കാളികളാക്കുന്നതിന്റെ നിരർഥകതയും ഇവിടെ അല്ലാഹു വ്യക്തമാക്കുന്നു. (നീ പറയുക: ഹോ, പ്രവാചകരേ, താങ്കൾ അവരോട് പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്ന നിങ്ങളുടെ പങ്കാളികളെ പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ?) പ്രാർഥിക്കപ്പെടാനും ആരാധിക്കപ്പെടാനും അവർ അർഹരാണോ? (ഭൂമിയിൽ എന്താണവർ സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചു തരിക) അവർ ഒരു കടലോ ഒരു പർവതമോ ഒരു മൃഗത്തെയോ അല്ലെങ്കിൽ അവർ

എന്തെങ്കിലും നിർജീവ വസ്തുക്കളെയോ സൃഷ്ടിച്ചിട്ടുണ്ടോ? എല്ലാറ്റിന്റെയും സ്രഷ്ടാവ് അല്ലാഹുവാണെന്ന് അവർ അംഗീകരിക്കും. (അവർക്കുണ്ടോ?) അവരുടെ പങ്കാളികൾക്ക്. (ആകാശങ്ങളിൽ) സൃഷ്ടിപ്പിലും നിയന്ത്രണത്തിലും അവർക്ക് വല്ല പങ്കുമുണ്ടോ? അതിൽ അവർക്കൊരു പങ്കുമില്ലെന്ന് അവർ പറയും. അവരെല്ലാം യാതൊന്നും സൃഷ്ടിച്ചിട്ടില്ലെങ്കിൽ സ്രഷ്ടാവിന്റെ സൃഷ്ടിയിൽ അവർക്ക് ഒരു പങ്കുമില്ല. അവർ കഴിവില്ലാത്തവരാണെന്ന് നിങ്ങൾ സമ്മതിച്ചിട്ടും നിങ്ങൾ എന്തിനാണ് അവരെ ആരാധിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നത്? അവരുടെ ആരാധനക്ക് യുക്തിപരമായ യാതൊരു തെളിവും ഇല്ലാത്തതിനാൽ അവരുടെ ആരാധന അസാധുവാണെന്നും ശരിയല്ലെന്നും മനസ്സിലാകുന്നു.

ഇനി അതിന് പ്രമാണപരമായ തെളിവുണ്ടോ എന്ന് ചർച്ച ചെയ്യുകയും അങ്ങനെയൊന്ന് ഇല്ലെന്ന് പറയുകയും ചെയ്യുന്നു. (അതല്ല, നാം അവർക്ക് വല്ല ഗ്രന്ഥവും ഇറക്കിയിട്ട്) അവർ അല്ലാഹുവിനോട് പങ്കുചേർക്കുന്നതിനെ കുറിച്ച് പറയുകയും അല്ലാഹുവിനോട് പങ്കുചേർക്കുന്നതിനുംവിഗ്രഹങ്ങളെ ആരാധിക്കുന്നതിനും അവരോട് കൽപിക്കുകയും ചെയ്യുന്നതായ. (അവർ നിലകൊള്ളുന്നത്) അവരുടെ ശിർക്കിൽ. (അതിൽനിന്നുള്ള തെളിവനുസരിച്ചാണോ?) അവർക്ക് അവതരിച്ച ആ ഗ്രന്ഥത്തിൽ, അവർ അവനോട് പങ്കുകാരാക്കിയതിന്റെ സാധുത തെളിയിക്കുന്നത്? എന്നാൽ കാര്യം അങ്ങനെയല്ല. ക്വുർആനിനു മുമ്പ് ഒരു ഗ്രന്ഥവും അവർക്ക് ഇറങ്ങിയിട്ടില്ല. മുഹമ്മദ് നബി(സ)ക്ക് മുമ്പ് ഒരു മുന്നറിയിപ്പുകാരനും അവർക്ക് വന്നിട്ടുമില്ല. മുമ്പൊരു വേദഗ്രന്ഥമോ പ്രവാചകനോ വന്നിരുന്നുവെങ്കിൽ അവരോട് ശിർക്ക് ചെയ്യാൻ കൽപിക്കപ്പെട്ടിരിക്കുന്നു എന്ന് അവർക്ക് വാദിക്കാമായിരുന്നു. തീർച്ചയായും നാം ഉറപ്പിച്ചു പറയുന്നു; അവർ പറയുന്നത് കളവാണെന്ന്.

وَمَآ أَرْسَلْنَا مِن قَبْلِكَ مِن رَّسُولٍ إِلَّا نُوحِىٓ
إِلَيْهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعْبُدُونِ ﴿٢٥﴾

“കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കാനല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല”(98:5).

ബുദ്ധിപരവും പ്രാമാണികവുമായ തെളിവുകൾ ശിർക്കിന്റെ നിരർഥകതയെ അറിയിക്കുന്നു. ബുദ്ധിയും വിവരവുമുള്ളവരുണ്ടായിട്ടും ശിർക്കിന് അവരെ പ്രേരിപ്പിച്ചതെന്താണ്? അല്ലാഹുതന്നെ മറുപടി പറയുന്നു: (അക്രമികാരികൾ അന്യോന്യം വാഗ്ദാനം ചെയ്യുന്നത് വഞ്ചന മാത്രമാകുന്നു) അവർ പിന്തുടരുന്ന മാർഗത്തിന് അവർക്ക് തെളിവില്ല. മറിച്ച് അത് അന്യോന്യം ന്യായീകരണമായി തോന്നിച്ചുകൊണ്ട് പിന്തുടരാൻ അവർ പരസ്പരം പ്രോത്സാഹിപ്പിക്കുക മാത്രമാണ് ഉണ്ടായത്. പിൻതലമുറ വഴിതെറ്റിയ മുൻതലമുറയെ പിന്തടർന്നു. പിശാച് അവർക്ക് വ്യാജ സ്വപ്നങ്ങൾ നൽകുകയും അവരുടെ ചീത്ത പ്രവൃത്തികൾ ഭംഗിയായി തോന്നിപ്പിക്കുകയും ചെയ്തു. അത് അവരുടെ ഹൃദയങ്ങളിൽ വളർന്നു. അത് അതിന്റെ ഭാഗമായിത്തീർന്നു. അത് വിട്ടുപോകാനും മുക്തിനേടാനും പ്രയാസമായി. അങ്ങനെ അവിശ്വാസത്തിലും ശിർക്കിലും അസത്യത്തിലും അവർ നിലനിന്നു.

45). ഇവിടെ അല്ലാഹു അവന്റെ കഴിവിന്റെയും കാരുണ്യത്തിന്റെയും പൂർണതയെ കുറിച്ചും അവന്റെ പാപമോചനത്തിന്റെയും ക്ഷമയുടെയും വിശാലതയെ കുറിച്ചുമാണ് പറയുന്നത്. (തീർച്ചയായും അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും നീങ്ങാതെ പിടിച്ചുനിർത്തുന്നു) കാരണം അവ നീങ്ങിപ്പോവുകയാണെങ്കിൽ ആർക്കും അതിനെ പിടിച്ചുവെക്കാനാവില്ല. കാരണം, ഒരു സൃഷ്ടിയുടെയും കഴിവിനും ശക്തിക്കും അതിനെ പിടിച്ചുനിർത്താൻ കഴിവില്ല. എന്നാൽ മനുഷ്യന്റെ നിലനിൽപിന് അവ നിലനിൽക്കണമെന്നും അവ സ്ഥിരതാമസമാക്കണമെന്നും അവൻ വിധിക്കുന്നു. അവ പ്രയോജനകരവും പാഠങ്ങൾ നൽകുന്നതുമാകും. അങ്ങനെ അവർ പരമാധികാരിയായ അല്ലാഹുവിന്റെ മഹത്തായ ശക്തിയെക്കുറിച്ചും കഴിവിനെ കുറിച്ചും പഠിച്ചു മനസ്സിലാക്കാനാകും. അവരുടെ ഹൃദയങ്ങളിൽ അവനെക്കുറിച്ചുള്ള മഹത്ത്വവും ആദരവും ഭയവും സ്നേഹവും കൊണ്ട് നിറക്കും. അവൻ പാപികൾക്ക് കാലതാമസം നൽകുന്നതും അവരെ ശിക്ഷിക്കുന്നതിൽ തിടുക്കം കാണിക്കാത്തതും അവർക്കറിയാം. അവൻ ആകാശത്തോട് കൽപിച്ചാൽ ആകാശം അവരുടെ മേൽ കല്ല് വർഷിക്കും. ഭൂമിയോട് കൽപിച്ചാൽ ഭൂമി അവരെ വിഴുങ്ങുകയും ചെയ്യും. എന്നിട്ടും അത് പ്രവർത്തിക്കുന്നവരെയും കുറ്റം ചെയ്യുന്നവരെയും അവൻ വെറുതെ വിടുന്നു. എത്ര വിശാലമാണ് അവന്റെ സഹനവും പാപമോചനവും! (തീർച്ചയായും അവൻ സഹനശീലനും ഏറെ പൊറുക്കുന്നവനുമാകുന്നു).

42). അല്ലാഹുവിന്റെ ദൂതരേ, താങ്കളിൽ അവിശ്വസിക്കുന്ന ഈ ആളുകൾ ഏറ്റവും ശക്തമായി സത്യം ചെയ്തു പറയുന്നു: (തങ്ങളുടെ അടുത്ത ഒരു താക്കീതുകാരൻ വരുന്നപക്ഷം തങ്ങൾ ഏതൊരു സമുദായത്തെക്കാളും സന്മാർഗം സ്വീകരിക്കുന്നവർ ആകാമെന്ന്) അതായത്, ജൂത-ക്രിസ്ത്യാനികളായ വേദക്കാരെക്കാൾ സന്മാർഗം

സ്വീകരിക്കുന്നവർ ആകുമെന്ന്. എന്നാൽ ആ സത്യങ്ങളോ കരാറുകളോ അവർ പൂർത്തിയാക്കിയില്ല. (എന്നാൽ ഒരു താക്കീതുകാരൻ അവരുടെ അടുക്കൽ വന്നപ്പോൾ) അവർ നേർവഴി പ്രാപിച്ചില്ല. മറ്റേതൊരു ജനതയെക്കാളും അവർ നേർവഴി പ്രാപിച്ചില്ല. അവരുടെ വഴികേടിൽ അവർ തുടരുകയാണുണ്ടായത്. മറിച്ച് അത് മൂലം (വർധിപ്പിച്ചത്) (അകൽച്ച മാത്രമാണ്) വഴിപിഴവും അതിക്രമവും ശാഠ്യവും മാത്രമാണ് വർധിച്ചത്.

43). അവർ ഈ ചെയ്ത പ്രതിജ്ഞ ഒരു നല്ല ലക്ഷ്യത്തിനോ സത്യാന്വേഷണത്തിനോ വേണ്ടിയായിരുന്നില്ല. ആണെങ്കിൽ അവർ അത് പാലിക്കുമായിരുന്നു. ഇത് ഭൂമിയിലെ ആളുകളോടും സത്യത്തോടുമുള്ള അഹങ്കാരത്തിൽനിന്ന് ഉടലെടുത്തതാണ്. അത് അവൻ ഉപയോഗിച്ചു. ഇത് വാക്കുകളിൽനിന്ന് വ്യക്തമാണ്. അതുകൊണ്ടവർ ഉദ്ദേശിച്ചത് കുതന്ത്രവും വഞ്ചനയുമാണ്. അവർ സത്യത്തോട് വളരെയധികം താൽപര്യമുള്ളവരാണെന്ന് പറയും. അതിലൂടെ ആളുകൾ വഞ്ചിക്കപ്പെടും. അങ്ങനെ അവരെ പിന്തുടരുകയും ചെയ്യും.

(ദുഷിച്ച തന്ത്രം, അത് വന്നു ഭവിക്കുകയില്ല) ചീത്തയാണ് അവർ ഉദ്ദേശിക്കുന്നത്. അവരുടെ തന്ത്രം അവർക്ക് തിരിച്ചടിയായി. (അത് പ്രയോഗിച്ചവരിൽ) അവരുടെ കുതന്ത്രം അവരിലേക്ക് മടങ്ങും. അവരുടെ വാക്കുകളും പ്രതിജ്ഞകളും എടുത്തു പറയുന്നതിലൂടെ അല്ലാഹു തന്റെ അടിമകളോട് അവർ കള്ളം പറയുകയും കെട്ടിച്ചമക്കുകയുമായിരുന്നുവെന്ന് വ്യക്തമാക്കുകയാണ്. അങ്ങനെ അവരുടെ നിന്ദ്യത വ്യക്തമാവുകയും അവർ അപമാനിതരാവുകയും അവർ നാണം കെടുകയും ചെയ്തു. അവരുടെ



ദുഷ്ടലക്ഷ്യം വെളിപ്പെടുകയും ചെയ്തു. അവരുടെ തന്ത്രം അവർക്കുതന്നെ തിരിച്ചടിയായി. ഇനി അവർക്കുള്ളത് വരാനിരിക്കുന്ന ശിക്ഷ കാത്തിരിക്കുക മാത്രമാണ്. ഇതാണ് പൂർവികരിലും അല്ലാഹുവിന്റെ നടപടിക്രമം. അതിന് മാറ്റം വരില്ല. ആളുകളോട് അഹങ്കാരത്തിലും അക്രമത്തിലും ധിക്കാരത്തിലും വർത്തിക്കുന്നർക്ക് അതിന്റെ ശിക്ഷ വരും. അവരുടെ അനുഗ്രഹങ്ങൾ നഷ്ടപ്പെടും. ഇവരോട് അവർ ചെയ്തതിന്റെ ഫലം അവർ കാത്തിരിക്കട്ടെ.

44). ഭൂമിയിലൂടെ സഞ്ചരിക്കാൻ അല്ലാഹു ജനങ്ങളെ പ്രേരിപ്പിക്കുന്നു. അശ്രദ്ധമായി കാഴ്ചകൾ കാണുകയില്ല, പകരം ഗുണപാഠങ്ങൾ ഉൾക്കൊള്ളാൻ. ഇവർക്ക് മുമ്പ് പ്രവാചകന്മാരെ കളവാക്കിയവർക്കുണ്ടായ പര്യവസാനങ്ങൾ കണ്ടു പഠിക്കാൻ. അവർ ഇവരെക്കാളും സമ്പത്തും സന്താനങ്ങളും ഉള്ളവരായിരുന്നു. ഭൂമിയിൽ ഇവരെക്കാൾ ശക്തിയോടെ പ്രവർത്തിച്ചവരായിരുന്നു. എന്നാൽ, ശിക്ഷ വന്നപ്പോൾ അവരുടെ ശക്തി അവർക്ക് പ്രയോജനപ്പെട്ടില്ല. അല്ലാഹുവിന്റെ ശക്തിയും ഉദ്ദേശ്യവും അവരിൽ നടപ്പിലാക്കപ്പെട്ടു. (ആകാശത്തിലും ഭൂമിയിലും ഉള്ള യാതൊന്നിനും അല്ലാഹുവെ തോൽപ്പിക്കാനാവില്ല) കാരണം, അവന്റെ ശക്തിയും അറിവും പൂർണമാണ്. (തീർച്ചയായുംഅവൻ സർവജ്ഞനും സർവശക്തനുമാകുന്നു).

45). തുടർന്ന് അല്ലാഹു അവന്റെ സഹനത്തെ കുറിച്ചും കുറ്റങ്ങളും തെറ്റുകളും പ്രവർത്തിക്കുന്നവർക്ക് നൽകുന്ന അവധിയും സാവകാശവും പരാമർശിക്കുന്നു: (അല്ലാഹു മനുഷ്യരെ അവർ പ്രവർത്തിച്ചതിന്റെ പേരിൽ പിടിച്ചു ശിക്ഷിക്കുകയായിരുന്നുവെങ്കിൽ) തെറ്റുകൾ കാരണം. (ഭൂമുഖത്ത് ഒരു ജന്തുവെയും അവൻ വിട്ടേക്കുമായിരുന്നില്ല) മതനിയമങ്ങൾ ബാധകമല്ലാത്ത ജീവികളെ പോലും ആ ശിക്ഷ പിടികൂടുമായിരുന്നു. (എന്നാൽ അല്ലാഹു അവരെ നീട്ടിയിടുന്നു) ഒരു നിശ്ചിത അവധിവരെ അവരെ അവൻ നീട്ടിയിടുന്നു. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ. (തീർച്ചയായും അല്ലാഹു തന്റെ ദാസന്മാരെ പറ്റി കണ്ടറിയുന്നവനാകുന്നു). അവരിൽ നിന്നുണ്ടാകുന്ന ഗുണദോഷങ്ങൾക്കനുസരിച്ചുള്ള പ്രതിഫലം അവൻ അവർക്ക് നൽകുന്നു.

*സൂറഃ അൽഫാത്വിറിന്റെ വിശദീകരണം പൂർത്തിയായി. സർവലോക രക്ഷിതാവായ അല്ലാഹുവിന് സ്തുതി.*



ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ

# കൊളസ്ട്രോൾ കൊലയാളിയോ?

ശരീരത്തിൽകൊളസ്ട്രോൾ എങ്ങനെ രൂപം പ്രാപിക്കുമെന്നും അത് രക്തക്കുഴലിൽ അടിഞ്ഞുകൂടി കാലക്രമേണ രക്തയോട്ടത്തെ എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ചുമുള്ള കണ്ടെത്തലുകൾക്കാണ് 1985ൽ മിഷയേൽ ബ്രൗണിനും സാമുവൽ ഗോൾസ്റ്റിനിനും വൈദ്യശാസ്ത്ര നോബൽ സമ്മാനം ലഭിച്ചത്. രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് കുറക്കുകയാണെങ്കിൽ ഒരു പരിധി വരെ ഈ കൊഴുപ്പുകൊണ്ടുണ്ടാകുന്ന വിപത്തുകൾ ഒഴിവാക്കാനാകുമെന്ന് കൂടി ഇവർ തെളിയിച്ചു. ഇത് പ്രായോഗിക തലത്തിൽ നടപ്പിൽ വരുത്തിയപ്പോൾ ഹൃദയാഘാതം കൊണ്ടുള്ള മരണനിരക്ക് 56 ശതമാനം കുറയ്ക്കാൻ അമേരിക്കക്കാർക്ക് കഴിഞ്ഞു. രക്തസമ്മർദവും പ്രമേഹവും നിയന്ത്രിച്ച്, ഭക്ഷണ ക്രമീകരണത്തിലൂടെയും വ്യായാമത്തിലൂടെയും ഭാരം കുറച്ച്, തൂക്കം നിയന്ത്രിച്ച്, പുകയില വർജിക്കുകയും ചെയ്തുകൊണ്ടാണ് അവർ ഈ നേട്ടം കൈവരിച്ചത് എന്നതുകൂടി നാം ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്.

ശരീരത്തിലെ കൊളസ്ട്രോൾ പ്രധാനമായും ഉണ്ടാകുന്നത് കരളിലാണ്. ആവശ്യത്തിൽ കൂടുതൽനാം കഴിക്കുന്ന ആഹാര പദാർഥങ്ങളിലെ അന്നജവും കൊഴുപ്പിലുള്ള ഊർജവും കൊഴുപ്പായാണ് ശരീരത്തിൽ സൂക്ഷിക്കുന്നത്. ഇതിന്റെ ഒരു വകഭേദമാണ് കൊളസ്ട്രോൾ. ഇത് വെള്ളത്തിൽ ലയിക്കാത്തതിനാൽ ലൈപ്രോട്ടീൻ എന്ന പ്രോട്ടീൻ കണികകളുമായി ചേർന്നാണ് രക്തത്തിൽ ലയിക്കുന്നത്. നമ്മുടെ കുടലും കൊളസ്ട്രോൾ ഉദ്പാദിപ്പിക്കുന്നുണ്ട്. ഇതിനു പുറമെ ആഹാരത്തിലൂടെ നമ്മുടെ ഇഷ്ട ചേരുവകളായ എണ്ണയും വെണ്ണും നെയ്യും മുട്ടയും തേങ്ങയും പിന്നെ അമിതാഹാരവും കൂടിയാകുമ്പോൾ പിന്നെ പറയേണ്ടതില്ലല്ലോ!

ശരീരത്തിനാവശ്യമായ ഒരു കൊഴുപ്പാണ് കൊളസ്ട്രോൾ. കോശഭിത്തി, പ്രത്യേകിച്ച് തലച്ചോറിലെ കോശങ്ങളുടെ കോശഭിത്തി ഈ കൊഴുപ്പുകൊണ്ടും കൂടിയാണ് നിർമിച്ചിരിക്കുന്നത്. നമ്മുടെ പല ഹോർമോണുകളുടെയും നിർമാണത്തിൽ കൊളസ്ട്രോളിന് സുപ്രധാന പങ്കുണ്ട്. ഇതിനു വേണ്ടിയാണ് കരളലും കുടലിലും കൊളസ്ട്രോൾ ഉദ്പാദിപ്പിക്കപ്പെടുന്നത്. പക്ഷേ, ആവശ്യത്തിൽ കൂടുതൽ ആഹാരത്തിലൂടെ തന്നെ ശരീരത്തിലെത്തുമ്പോൾ അത് രക്തക്കുഴലിൽ അടിഞ്ഞുകൂടി ഹൃദ്രോഗവും പക്ഷാഘാതവുമടക്കമുള്ള ധമനീ അസുഖങ്ങൾക്ക് കാരണമാകുന്നു.

എന്ത് കഴിക്കുന്നു എന്നതിനെക്കാളുപരി എത്ര കഴിക്കുന്നു എന്നതാണ് രപധാനം. അല്ലാഹു പറയുന്നു: “നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല” (ഖുർആൻ 7:31).

## നല്ലതും ചീത്തയും

കൊളസ്ട്രോൾ കൂടുതലാകുമ്പോൾ കോശങ്ങളിലടിഞ്ഞ കൊളസ്ട്രോളിനെ ശരീരം തന്നെ പുറംതള്ളാൻ വേണ്ടി HDL എന്ന പ്രോട്ടീനുമായി യോജിപ്പിച്ച് കുടലിലെത്തിച്ച് പിത്തരസത്തിലൂടെ പുറത്ത് കളയുന്നു. ഇതിന്റെ അളവ് കൂടുന്നതിനനുസരിച്ച് കൂടുതൽ കൊളസ്ട്രോൾ കുടൽ മാർഗം പുറന്തള്ളപ്പെടും. ഹൃദ്രോഗം വരുന്ന പലർക്കും ഇതിന്റെ അളവ് കുറവാണ്. ഇതിന്റെ അളവ് കൂടുന്നത് നല്ല ലക്ഷണമാണ്. സ്ത്രീകളിൽ 45mgലും പുരുഷന്മാരിൽ 50mgലും കൂടാൻ പാടില്ല.

കൊളസ്ട്രോളിന്റെ ആകെ അളവ് 160 mg മുതൽ 200 mg വരെ ആകുന്നതാണ് നല്ലത്. ഹൃദ്രോഗം വന്നുകഴിഞ്ഞാൽ ഇതിനെ 160 mgൽ താഴെ നിർത്തണം. ആഹാരത്തിലെ പഥ്യവും വ്യായാമവും കൊണ്ട് ഇത് സാധിക്കുന്നില്ലെങ്കിൽ ഗുളികകളെ ആശ്രയിക്കേണ്ടിവരും. LDL കൊളസ്ട്രോൾ ആണ് ഏറ്റവും ഹാനികരം. ഇതിന്റെ അളവ് 100mgനും 130mgനും ഇടക്ക് നിർത്തണം. ഹൃദ്രോഗമുള്ളവർ ഇതിന്റെ അളവും 70mgൽ താഴെ വരെ കുറക്കേണ്ടത് ആവശ്യമാണ്.



കഥ

# സ്റ്റാറ്റസ്

ഉസ്മാൻ പാലക്കാഴി
: 9656 292 244

"ഉമ്മാ, ഇന്നും ചായക്ക് കടിയൊന്നുമില്ലേ?"- കട്ടൻചായ വലിച്ചുകുടിക്കുന്നതിനിടയിൽ ഫൈസൽ മോൻ ചോദിച്ചു.

"മക്കൾ മദ്റസയിലേക്ക് പൊയ്ക്കോ. വരുമ്പോഴേക്കും ഉമ്മ കഞ്ഞിയുണ്ടാക്കാം"- തേങ്ങലടക്കാൻ പാടുപെട്ടുകൊണ്ട് സൈനബ പറഞ്ഞു. ഫൈസലും അനുജത്തി ഫസീലയും തിരിച്ചു വരുമ്പോൾ കഞ്ഞി കിട്ടുമല്ലോ എന്ന ആശ്വാസത്തോടെ മദ്റസയിലേക്കു പോയി.

സൈനബയുടെ ഭർത്താവ് ഹംസ മാസങ്ങളായി സുഖമില്ലാതെ കിടപ്പിലാണ്. കൂലിപ്പണിക്കാരനായ ആ മനുഷ്യൻ കിടപ്പിലായതോടെ കുടുംബം പട്ടിണിയിലായി. ചികിത്സിക്കാൻ കാശില്ലാതെ കഷ്ടപ്പെടുന്നു. ചില നല്ല മനസ്സുകളുടെ ഔദാര്യത്താൽ വല്ലപ്പോഴും വിശപ്പടക്കാൻ കഴിയുന്നു.

മാസങ്ങൾ കടന്നുപോയി. ഹംസയുടെ രോഗം ഭേദമായി. വീണ്ടും കൂലിപ്പണിക്കു പോയിത്തുടങ്ങി. ആയിടക്കാണ് പഴയൊരു സ്നേഹിതനെ കണ്ടുമുട്ടിയതും തന്റെ കഷ്ടപ്പാടുകൾ അയാളെ അറിയിച്ചതും. ഗൾഫിൽ ജോലിയുള്ള അയാൾ ഒരു വിസ സംഘടിപ്പിച്ചുതരാമെന്നു പറഞ്ഞ് ഹംസയെ സമാധാനിപ്പിച്ചു.

താമസിയാതെ ഹംസ ഗൾഫിലേക്കു പറന്നു. ക്ലീനിംഗായിരുന്നു ജോലി. എങ്കിലും തരക്കേടില്ലാത്ത ശമ്പളം. ക്ലീനിംഗ് കോൺട്രാക്റായ ചാവക്കാട്ടുകാരൻ നിർദേശിക്കുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യണം. കൂടെയുള്ളവരെല്ലാം മലയാളികൾ.

കുടുംബത്തിലെ പട്ടിണി മാറി. നാട്ടിൽ പോകാതെ അഞ്ചുവർഷം അയാൾ ജോലി ചെയ്തു. ഓലമേഞ്ഞ കുടിലിന്റെ സ്ഥാനത്ത് കോൺക്രീറ്റ് സൗധമുയർന്നു. വീട്ടിൽ വാഷിംഗ് മെഷീനും ടി.വിയും ഗ്രൈന്ററുമെല്ലാം സ്ഥാനം പിടിച്ചു.

മക്കളെയും ഭാര്യയെയും പിരിഞ്ഞിട്ട് നീണ്ട അഞ്ചുവർഷങ്ങൾ കഴിഞ്ഞു. മക്കളൊക്കെ എത്ര വളർന്നിട്ടുണ്ടാകും. ഫൈസൽ മോൻ പ്ലസ് ടു കഴിഞ്ഞു പോലും! ഇനിയും പിടിച്ചുനിൽക്കാൻ വയ്യ. അയാൾ നാട്ടിലേക്കു വിളിക്കാനായി പോക്കറ്റിൽനിന്നും മൊബൈലെടുത്തു. ഭാര്യയുടെ മൊബൈലിലേക്കു വിളിക്കാനൊരുങ്ങിയപ്പോഴേക്കും ഒരു ഇൻകമിംഗ് കോൾ. നോക്കുമ്പോൾ അവൾ തന്നെ. അയാൾ സന്തോഷാധിക്യത്താൽ പറഞ്ഞു:

"സൈനൂ, എനിക്കു മടുത്തു. ഞാൻ ഉടനെ നാട്ടിൽ വരാനുദ്ദേശിക്കുന്നു. നിങ്ങളെയൊക്കെ കാണാതെ ഞാൻ വീർപ്പുമുട്ടുകയാണ്..." മറുതലക്കൽ മിണ്ടാട്ടമില്ല. സന്തോഷത്താൽ അവൾക്ക് വാക്കുകൾ കിട്ടാഞ്ഞിട്ടാകുമെന്ന് അയാൾ കരുതി. എന്നാൽ അൽപം നീരസം കലർന്ന വാക്കുകളാണയാൾക്ക് കേൾക്കാൻ കഴിഞ്ഞത്.

"ഇപ്പോൾ വന്നിട്ട് എന്തു ചെയ്യാനാ? പലചരക്കുകടയിൽ മാത്രം ആറായിരം കൊടുക്കാനുണ്ട്. കോഴിക്കടയിൽ മൂവായിരവും. പിന്നെ ഫൈസലിനെ ഡിഗ്രിക്ക് സെന്റ് തോമസ് കോളേജിൽ തന്നെ ചേർക്കണം. തെക്കേതിൽ ജമീലാന്റെ മോനും അവിടെയാ പഠിക്കുന്നത്. അഡ്മിഷന് ഒരു ലക്ഷം വേണ്ടിവരും. പിന്നെ നമ്മുടെ വീടിന്റെ കാർപോർച്ചിലിപ്പോൾ പഴയ സാധനങ്ങളൊക്കെ കൂട്ടിയിട്ടിരിക്കുകയാ. നിങ്ങൾ വന്നാൽ അതിൽ ഒരു കാറില്ലെങ്കിൽ അതൊരു കുറച്ചിലല്ലേ? അതുകൊണ്ട് ഇപ്പോൾ തന്നെ ഓടിവരേണ്ട..." അവൾ ഫോൺ കട്ടാക്കി. അൽഫലാഹ് സ്കൂളിലെ, ആരോ വൃത്തികേടാക്കിയിട്ട കക്കൂസിൽ ശക്തിയായി വെള്ളം ചൊരിഞ്ഞ് വൃത്തിയാക്കവെ അയാൾ മനസ്സിൽ പറഞ്ഞു: 'ശരിയാ...കാറില്ലാത്ത വീടും പ്രശസ്തി കുറഞ്ഞ സ്ഥാപനത്തിൽ മക്കൾ പഠിക്കുന്നതും നമ്മുടെ സ്റ്റാറ്റസിന് ചേർന്നതല്ല. അതുകൊണ്ട് ഇനിയും... ഇനിയും വർഷങ്ങൾ, ഈ മരുഭൂമിയിൽ... നിങ്ങൾക്കെല്ലാം സുഖമായിരിക്കട്ടെ. അതിനാണല്ലോ ഈ കഷ്ടപ്പാട്!' ■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM students

To the **right goal**
Through the **right path**

# 28th WISDOM PROFESSIONAL STUDENTS GLOBAL CONFERENCE

## 11 12 13 OCTOBER 2024

## THIRUVANANTHAPURAM

Wisdom Islamic Students Organization,
CV Complex, PV Swami Road, Calicut-2

+91 8156812292
wisdomstudents

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/ 2022-24

Nerpatham Weekly
Published on
07 SEPTEMBER 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

هيئة الحكمة للتعليم والتربية الإسلامية

WISDOM EDUCATION BOARD

അറിവ് പകരാം, കാവലാകാം



SEPT. 2024
**15**
**SUNDAY**
**9:00AM- 4:00PM**

WISDOM

# MADRASA TEACHERS Conference

**KOYILANDI**

Wisdom Islamic Organization, CV Complex, PV Swami Road, Calicut - 673002